08
2025
ഏപ്രിൽ
ചൊവ്വ
മീനം 25

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.117 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-117 | പേജ് 4. വില 2.00 രൂപ




02 വൃത്തി കോൺക്ലേവിന് കനകക്കുന്ന് ഒരുങ്ങി

03 ആശുപത്രി വിട്ടതിനുശേഷം മാർപാപ്പ ആദ്യമായി പൊതുവേദിയിൽ

04 സംസ്ഥാനത്തെ 31612 കുടുംബശ്രീ ബാലസഭകളിൽ ഇന്ന് തെരഞ്ഞെടുപ്പ്

# പൊന്തുവള്ളങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ നീക്കം

തിരുവനന്തപുരം : തീരക്കടലിൽ പൊന്തുവള്ളങ്ങൾ (തെർമോക്കോൾ നിർമിത ചെറുവള്ളങ്ങൾ) ഉപയോഗിച്ച് നടത്തുന്ന മൽസ്യ ബന്ധനം നിരോധിക്കാൻ നീക്കം. കരയോട് ചേർന്ന് തീരക്കടലിൽ മാത്രം മീൻപിടുത്തം നടത്തുന്ന ഇത്തരം വള്ളങ്ങൾ ഉപയോഗിച്ച് നൂറുകണക്കിന് കുടുംബങ്ങൾ ആണ് ഉപജീവനം നടത്തുന്നത് . സുരക്ഷയ്ക്കെന്ന പേരിൽ നടത്താനുദ്ദേശിക്കുന്ന നിരോധനത്തെ അംഗീകരിക്കില്ലെന്നാണ് മൽസ്യത്തൊഴിലാളി സംഘടനകളുടെ നിലപാട്. തീരക്കടലിൽ മീൻപിടിക്കാൻ ഉപയോഗിക്കുന്ന പൊന്തുവള്ളങ്ങൾ സുരക്ഷിതമല്ലെന്ന് ചൂണ്ടിക്കാട്ടിയാണു നിയന്ത്രണം ഏർ



പ്പെടുത്താൻ ആലോചന. പൊന്തുവള്ളങ്ങൾ നിരോധിക്കണമെന്നു കോസ്റ്റ് ഗാർഡ് പലതവണ ആവശ്യപ്പെട്ടെന്നാണു വിവരം. നിലവിലുള്ള പൊന്തുവള്ളങ്ങളുടെ കണക്ക് മത്സ്യബന്ധന തുറമുഖ വകുപ്പ് ആസ്ഥാനത്തേക്ക് അയയ്ക്കാൻ ജില്ലാ ഓഫിസുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്താകെ പതിനായിരത്തിലേറെ പൊന്തുവള്ളങ്ങൾ ഉണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വ്യാപകമായും മറ്റു ജില്ലകളിൽ ചെറിയതോതിലുമാണ് ഈ വള്ളങ്ങൾ ഉപയോഗിക്കുന്നത്. പൊന്തുവള്ളങ്ങൾക്കു റജിസ്ട്രേഷൻ ഇല്ലെന്നതിനാൽ അപകടമുണ്ടായാൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുകയുമില്ല. ഈ പ്രശ്നങ്ങളും കോസ്റ്റ്ഗാർഡ് ചൂണ്ടിക്കാട്ടുന്നു. ഇതിനൊപ്പം പൊന്തുവള്ളം വഴി രാജ്യദ്രോഹ പ്രവർത്തനങ്ങൾക്കുള്ള സാധ്യതയും കോസ്റ്റ് ഗാർഡ് ഉന്നയിക്കുന്നുണ്ട്. തെർമോക്കോളിൽ പ്ലാസ്റ്റിക് ഷീറ്റ് ചുറ്റിയാണ് പൊന്തുവള്ളങ്ങൾ നിർമിക്കുന്നത്.

പൊന്തുവള്ളത്തിൽ മീൻ പിടിക്കുന്ന തൊഴിലാളിയെ ആശ്രയിച്ച് കുറഞ്ഞത് ഏഴുപേരെങ്കിലും ഉണ്ടാകും. പിടിച്ച ഉടൻ വലയോടുകൂടി തന്നെ പാതയോരത്തോ മാർക്കറ്റുകളിലോ എത്തിച്ച് വിൽപ്പന നടത്തും. പച്ചമീൻ തന്നെ ഉപഭോക്താക്കൾക്ക് ലഭിക്കും. കടൽ മണൽ കരിമണൽ ഖനനത്തിന് വേണ്ടിയാണ് തീരക്കടലിലെ പൊന്തു വള്ളങ്ങളിലെ മീൻ പിടുത്തം നിരോധിക്കാൻ നീക്കം നടത്തുന്നതെന്ന് സംഘടനകൾ ആരോപിക്കുന്നു. പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ ബാധിക്കുന്നതിനാൽ പൊന്തുവള്ള മീൻ പിടുത്ത നിരോധനത്തെ എതിർക്കുമെന്ന് സംഘടനകൾ പറയുന്നു.

## പെട്രോളിനും ഡീസലിനും വില കൂടും; എക്സൈസ് ഡ്യൂട്ടി വർധിപ്പിച്ചു

ന്യൂഡൽഹി: രാജ്യത്ത് പെട്രോൾ, ഡീസൽ വില വർധിക്കും. പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് തീരുവ ലിറ്ററിന് രണ്ട് രൂപ കേന്ദ്ര സർക്കാർ വർധിപ്പിച്ചു.

യുഎസ് പകരം തീരുവ ചുമത്തിയതുമൂലമുണ്ടായ ആഗോള വ്യാപാര യുദ്ധത്തിന്റെ ഫലമായി ക്രൂഡ് ഓയിൽ വില ഇടിയുന്ന പശ്ചാത്തലത്തിൽ കൂടിയാണ് ഈ നീക്കം.

അതേസമയം ഇന്ധന വില വർധന ഗാർഹിക ബജറ്റുകളെ താളം തെറ്റിച്ചേക്കും. ഗതാഗത, ചരക്ക് വിലകൾ വർധിക്കാനും കാരണമാകും.

ധനകാര്യ മന്ത്രാലയത്തിന്റെ പുതിയ വിജ്ഞാപനം അനുസരിച്ച് പ്രസ്തുത മാറ്റം 2025 ഏപ്രിൽ എട്ട് മുതൽ പ്രാബല്യത്തിൽ വരും.

## ഫെമ ചട്ടലംഘനം: ഗോകുലം ഗോപാലനെ ഇഡി ചോദ്യം ചെയ്യുന്നു

കൊച്ചി: പ്രമുഖ വ്യവസായിയും സിനിമ നിർമാതാവുമായ ഗോകുലം ഗോപാലനെ ഇഡി ചോദ്യം ചെയ്യുന്നു. കൊച്ചിയിലെ ഓഫീസിലാണ് ചോദ്യം ചെയ്യുന്നത്.

ശ്രീ ഗോകുലം ചിറ്റ്സ് ആൻഡ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കോഴിക്കോട്, ചെന്നൈ ഓഫീസുകളിലും ഗോകുലം ഗോപാലന്റെ വസതിയിലും കഴിഞ്ഞ ദിവസം മണിക്കൂറുകൾ നീണ്ടുനിന്ന റെയ്ഡിനു പിന്നാലെയാണ് നടപടി. വിദേശവിനിമയ (ഫെമ) ചട്ടങ്ങൾ ലംഘിച്ച് പ്രവാസികളിൽ നിന്ന് ചിട്ടിയ്ക്കെന്ന പേരിൽ 593 കോടി രൂപ അനധികൃതമായി സമാഹരിച്ചുവെന്നും ഇത് പിന്നീട് പണമായി കൈമാറിയെന്നും ഇഡി കണ്ടെത്തിയിരുന്നു.

കോടമ്പാക്കത്തെ ഗോകുലം ഓഫീസിൽ നിന്ന് ഒന്നരക്കോടി രൂപയും ഇഡി പിടിച്ചെടുത്തിരുന്നു. ഇതിൽ വ്യക്തത വരുത്താനാണ് ചോദ്യം ചെയ്യൽ.



## ചെമ്മീൻ സിനിമയുടെ സഹസംവിധായകൻ ടി. കെ. വാസുദേവൻ അന്തരിച്ചു

തൃശൂർ: ചെമ്മീൻ സിനിമയുടെ സഹസംവിധായകനായിരുന്ന ടി. കെ. വാസുദേവൻ(89) അന്തരിച്ചു. രാമു കാര്യാട്ട്, കെ. എസ്. സേതുമാധവൻ തുടങ്ങിയ മുൻനിര സംവിധായകരോടൊപ്പം നൂറോളം സിനിമകളിൽ സംവിധാന സഹായിയായിരുന്നു.

പണിതീരാത്ത വീട്, കന്യാകുമാരി, രമണൻ, മയിലാടുംകുന്ന്, വീട്ടുമൃഗം, രമണൻ, ഉദ്യോഗസ്ഥ തുടങ്ങി നിരവധി സിനിമകളിൽ പ്രവർത്തിച്ചു. ഭാര്യ: പരേതയായ മണി.

മക്കൾ: ജയപാലൻ, പരേതയായ കൽപന, മരുമക്കൾ: അനിൽകുമാർ, സുനിത. സംസ്കാരം തിങ്കളാഴ്ച ഉച്ചയ്ക്ക് രണ്ടിന്.

രാജ്യത്ത് ഉഷ്ണതരംഗത്തിന് സാധ്യത; ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു

## കെ സ്മാർട്ട് സംസ്ഥാനതല ഉദ്ഘാടനം ഏപ്രിൽ 10 ന് മുഖ്യമന്ത്രി നിർവഹിക്കും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഏകീകൃത പ്ലാറ്റ്ഫോമിലൂടെ നൽകുന്ന കെ സ്മാർട്ട് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. രാവിലെ 10.30 ന് തിരുവനന്തപുരം കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് അധ്യക്ഷത വഹിക്കും. കെ സ്മാർട്ട് വഴി അനുവദിക്കുന്ന ആദ്യ ജനന സർട്ടിഫിക്കറ്റ് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ കൈമാറും. വസ്തു നികുതി അടച്ചതിന്റെ ഓൺലൈൻ രസീത് റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി കെ രാജൻ കൈമാറും. കെ സ്മാർട്ട് സ്കൂൾ ഓഫ് ടെക്നോളജി ലോഞ്ചിംഗ് ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ നിർവഹിക്കും. സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട പെർമിറ്റുകൾ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി കൈമാറും. കെ സ്മാർട്ട് വീഡിയോ കെ വൈ സി വഴിയുള്ള വിവാഹ സർട്ടിഫിക്കറ്റ് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ അപേക്ഷകന് കൈമാറും. വി കെ പ്രശാന്ത് എം എൽ എ മുഖ്യാതിഥിയാകുന്ന ചടങ്ങിൽ ഡോ. ശശി തരൂർ എം പി നഗരസഭകളുടെ വെബ്സൈറ്റ് ഉദ്ഘാടനം നിർവഹിക്കും. ഇൻഫർമേഷൻ കേരള മിഷൻ ഉദ്യോഗസ്ഥർക്കുള്ള ഹെൽത്ത് ഇൻഷുറൻസ് പ്രഖ്യാപനം മേയർ ആര്യാ രാജേന്ദ്രൻ നിർവഹിക്കും. ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ മുഖ്യ പ്രഭാഷണം നടത്തും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ്കുമാർ, കേരള ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചേംബേഴ്സ് ചെയർപേഴ്സൺ കെ ജി രാജേശ്വരി, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രൊഫ. ജിജു പി അലക്സ്, കേന്ദ്ര ഭവന നഗരകാര്യവകുപ്പ് സെക്രട്ടറി ശ്രീനിവാസ് ആർ. കാറ്റികിത്താല, സ്വച്ഛ് ഭാരത് മിഷൻ നഗരകാര്യ ഡയറക്ടർ രൂപാ മിശ്ര എന്നിവർ സംബന്ധിക്കും. ഐ കെ എം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ ടിംപിൾ മാഗി പി എസ് നന്ദി അറിയിക്കും.

## മുനമ്പം ജുഡീഷൽ കമ്മീഷന് തുടരാം

കൊച്ചി: മുനമ്പം ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട് സർക്കാർ നിയമിച്ച ജുഡീഷൽ കമ്മീഷന് തുടരാം. മുനമ്പം ജുഡീഷൽ കമ്മീഷന്റെ പ്രവർത്തനം നിർത്തിവെപ്പിച്ചുകൊണ്ടുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവ് ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു.

ചീഫ് ജസ്റ്റീസ് ഉൾപ്പെട്ട ബെഞ്ചിൻറേതാണ് ഇടക്കാല ഉത്തരവ്. ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷനെ റദ്ദാക്കിയ സിംഗിൾ ബെഞ്ച് വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീലാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്. ജുഡീഷൽ കമ്മീഷണനെ റദ്ദാക്കിയ സിംഗിൾ ബെഞ്ച് ഉത്തരവ് നിയമപരമല്ലെന്നും സർക്കാർ വാദിച്ചിരുന്നു.

## രാജ്യത്ത് ഉഷ്ണതരംഗത്തിന് സാധ്യത; ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു

ബംഗളൂരു: രാജ്യത്ത് ഉഷ്ണതരംഗത്തിന് സാധ്യതയെന്ന മുന്നറിയിപ്പിനെ തുടർന്ന് ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു. ഡൽഹിയിൽ അടുത്ത മൂന്ന് ദിവസം ഉഷ്ണതരംഗമുണ്ടായേക്കുമെന്നും റിപ്പോർട്ടുകളുണ്ട്.

അടുത്ത പത്ത് വരെ ഗുജറാത്തിലും ചില പ്രദേശങ്ങളിൽ ഉഷ്ണതരംഗ മുന്നറിയിപ്പുണ്ട്. സൗരാഷ്ട്ര, കച്ച് എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കടുത്ത ഉഷ്ണതരംഗം ഉണ്ടായേക്കുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഹിമാചൽപ്രദേശ്, ഹരിയാന, പഞ്ചാബ്, മധ്യപ്രദേശ്, ഉത്തർപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങൾക്കും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

അതേസമയം രാജ്യത്തെ അഞ്ച് സംസ്ഥാനങ്ങളിൽ ഞായറാഴ്ച 42 ഡിഗ്രി സെൽഷ്യസിലും കൂടുതൽ താപനില രേഖപ്പെടുത്തി. ഡൽഹി, രാജസ്ഥാൻ, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, ഒഡീഷ എന്നിവിടങ്ങളിലെ 21 നഗരങ്ങളിലാണ് ഞായറാഴ്ച ഉയർന്ന താപനില രേഖപ്പെടുത്തിയത്. രാജസ്ഥാനിലെ ബാർമറിൽ ഞായറാഴ്ചത്തെ താപനില 45.6 ഡിഗ്രി സെൽഷ്യസായിരുന്നു. ഏപ്രിൽ ആദ്യവാരത്തിൽ രാജ്യത്ത് രേഖപ്പെടുത്തിയ ഏറ്റ

## ഹയർസെക്കന്ററി ഓൺലൈൻ സ്ഥലമാറ്റത്തിന് പോർട്ടൽ തുറന്നു

2025–26 അധ്യയന വർഷത്തിലെ സർക്കാർ ഹയർ സെക്കന്ററി അധ്യാപകരുടെ പൊതുസ്ഥലമാറ്റവും നിയമനവും ഓൺലൈനായി നടത്തുന്നതിന് മുന്നോടിയായി എല്ലാ അധ്യാപകരുടെയും പ്രൊഫൈൽ കൃത്യമാക്കുന്നതിനും പ്രിൻസിപ്പൽമാർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുമായി പോർട്ടൽ തുറന്നു. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) സാങ്കേതിക പിന്തുണയോടെ ജൂൺ 1–ന് മുമ്പ് സ്ഥലമാറ്റവും നിയമനവും പൂർത്തീകരിക്കുന്ന വിധത്തിലാണ് പോർട്ടൽ ഒരുക്കിയിരിക്കുന്നത്.

www.dhsetransferkerala.gov.in പോർട്ടലിൽ ഏപ്രിൽ 16 വരെ അധ്യാപകർക്ക് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാം. പ്രിൻസിപ്പൽമാർ ഇത് പരിശോധിച്ച് കൃത്യത ഉറപ്പാക്കി വീണ്ടും അധ്യാപകർ പ്രൊഫൈൽ 'കൺഫോം' ചെയ്യണം. പ്രൊഫൈൽ പുതുക്കുന്നതോടൊപ്പം എല്ലാ അധ്യാപകരും പോർട്ടലിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, അവരുടെ പോസ്റ്റിംഗ് സ്റ്റാറ്റസ് (കണ്ടീഷണൽ/നോർമൽ/എക്സസ്) കൃത്യമാണെന്നും ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രിൻസിപ്പൽമാർ ഉറപ്പാക്കണം. എല്ലാ വിശദാംശങ്ങളും പരിശോധിച്ച് പ്രിൻസിപ്പൽമാർ പ്രൊഫൈൽ കൃത്യമാക്കുന്നതോടൊപ്പം തന്നെ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നത് ഈ വർഷം പുതുതായി ഏർപ്പെടുത്തിയതാണ്. കൂടാതെ ഇതാദ്യമായി മെയ് 31വരെ വിരമിക്കുന്ന അധ്യാപകരുടെയും പ്രിൻസിപ്പൽമാരുടെയും എണ്ണം കൂടി ഉൾപ്പെടുത്തിയാണ് ഒഴിവുകൾ കണക്കാക്കുന്നത്.

## കാട്ടാനയാക്രമണത്തിൽ മരിച്ച അലന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകും

പാലക്കാട്: കാട്ടാനയാക്രമണമുണ്ടായ മുണ്ടൂരിൽ പ്രതിരോധ നടപടികൾ ശക്തമാക്കുമെന്ന് വനം മന്ത്രി എ. കെ. ശശീന്ദ്രൻ. ചീഫ് വൈൽഡ് ലൈഫ് വാർഡനും കളക്ടർക്കും ഇതു സംബന്ധിച്ച് നിർദേശം നൽകിയതായി മന്ത്രി അറിയിച്ചു. പ്രദേശത്ത് തുടരുന്ന മൂന്ന് ആനകളെ വനത്തിലേക്ക് തുരത്തും. മരിച്ച അലന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുമെന്നും മന്ത്രി പറഞ്ഞു.

പാലക്കാട് മുണ്ടൂരിൽ കണ്ണാടൻചോലക്ക് സമീപത്ത് രാത്രി എട്ടോടെ ആണ് കാട്ടാനയാക്രമണമുണ്ടായത്. കയറംങ്കോട് സ്വദേശി അലൻ (25) ആണ് മരിച്ചത്. ഇയാളോടൊപ്പമുണ്ടായിരുന്ന അമ്മയ്ക്കും പരിക്കേറ്റിട്ടുണ്ട്. അമ്മയുടെ തോളെല്ലിനാണ് പരിക്കേറ്റത്.

ഇവർ വൈകിട്ട് വീട്ടിലേക്ക് പോകുന്നതിനിടെയാണ് ആന ആക്രമിച്ചത്. അലന്റെ മൃതദേഹം പാലക്കാട് ജില്ല ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്.



# സാമ്പ്രാണിക്കോടിയിൽ തിരക്കോട് തിരക്ക്

കൊല്ലം: അവധിക്കാലമെത്തിയതോടെ സാമ്പ്രാണിക്കോടിയിൽ സഞ്ചാരികളുടെ തിരക്കേറി. സ്കൂളുകളെല്ലാം മധ്യവേനൽ അവധിക്ക് അടച്ചതോടെ കുട്ടിക്കൂട്ടങ്ങളെല്ലാം ആഘോഷപൂർവം സാമ്പ്രാണിക്കോടിയിലേക്ക് ഒഴുകി എത്തുകയാണ്.

അവധി ദിവസങ്ങളിൽ ഇവരുടെ വരവ് അനിയന്ത്രിതമാണ്. അഷ്ടമുടിയുടെ ഓളപ്പരപ്പുകൾ അക്ഷരാർഥത്തിൽ കുട്ടികളുടെ കലപിലാരവത്താൽ മുഖരിതമാണ്. രക്ഷിതാക്കൾക്കൊപ്പമാണ് കുട്ടികൾ സാമ്പ്രാണിക്കോടിയുടെ സൗന്ദര്യം നുകരാൻ എത്തുന്നത്.

അവധിക്കാല ആഘോഷത്തിന് സംസ്ഥാനത്തെ സ്കൂൾ കുട്ടികൾ ഏറ്റവും അധികവും തെരഞ്ഞെടുത്ത തുരുത്തായി സാമ്പ്രാണിക്കോടി മാറി കഴിഞ്ഞു. കാസർകോടു മുതൽ തിരുവനന്തപുരം വരെയുള്ള സ്ഥലങ്ങളിൽനിന്ന് കുട്ടികൾ എത്തുന്നു. വീട്ടുകാരോടൊത്തും വലിയ ഗ്രൂപ്പുകളായും കുട്ടികൾ എത്തിതുടങ്ങിയതോടെ അധികൃതർ സുരക്ഷാ സജ്ജീകരണങ്ങൾ കൂടുതൽ ശക്തമാക്കി.

കരയിലും കായലിലും കൂടുതൽ ജാഗ്രതാ നിർദേശങ്ങൾ നൽകുന്നുണ്ട്. എല്ലാവർക്കും ജാക്കറ്റും മറ്റു സുരക്ഷാ ക്രമീകരണങ്ങളും ഉറപ്പാക്കിയാണ് കായൽ യാത്ര ക്രമീകരിച്ചിട്ടുള്ളത്. യാത്രാബോട്ടുകളും ശക്തമായ നിരീക്ഷണത്തിലാക്കി.

ഗ്രൂപ്പുകളായി എത്തുന്ന സംഘങ്ങൾക്ക് പ്രവേശന ഫീസായ 150 രൂപയിൽ പ്രത്യേകം ഇളവ് അനുവദിച്ചതോടെ സംഘങ്ങളായാണ് അധികം പേരും എത്തുന്നത്. സാമ്പ്രാണിക്കോടി, മണലിക്കട, കുരീപ്പുഴ എന്നീ മൂന്ന് ഔദ്യോഗിക കേന്ദ്രങ്ങളിൽനിന്ന് മാത്രമാണ് തുരുത്തിലേക്ക് ബോട്ട് സർവീസ് ഉള്ളത്. ബോട്ടിലെ യാത്രാക്കൂലിയും തുരുത്തിലെ പ്രവേശന ഫീസും ചേർത്താണ്

ഒരാളിൽ നിന്ന് 150 രൂപ ഈടാക്കുന്നത്. കടവുകളിലെ തിരക്ക് ഒഴിവാക്കാൻ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള സഞ്ചാരികൾ കൊല്ലം ബൈപാസിൽ കാവനാട് കുരീപ്പുഴ പാലത്തിനു സമീപമുള്ള കുരീപ്പുഴക്കടവ് ഉപയോഗിക്കണമെന്ന് അധികൃതർ അറിയിച്ചു. ഓൺലൈൻ ടിക്കറ്റ് സംവിധാനവും നിലവിലുണ്ട്. അഞ്ചു വയസിനു മുകളിലുള്ളവർക്കാണ് ഫീസ് ഈടാക്കുന്നത്.

ഓൺലൈൻ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തിയത് അറിയാതെയും ദിവസവും നൂറുകണക്കിന് ആൾക്കാർ ഇവിടെ എത്തുന്നുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇങ്ങനെ എത്തുന്നവരെ എല്ലാവരെയും പൂർണമായി ഉൾക്കൊള്ളാൻ ആവശ്യത്തിന് ബോട്ട് സർവീസ് ഇല്ല എന്ന പരിമിതിയുമുണ്ട്.




*കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം), കേരള അക്കാദമി ഓഫ് സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ), കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ് എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന 'കലപില' അവധിക്കാല ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ.*

# 'കലപില' അവധിക്കാല ക്യാമ്പിനു തുടക്കം

തിരുവനന്തപുരം: സ്കൂൾ വിദ്യാർഥികൾക്കായി കോവളം വെള്ളാർ ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ സംഘടിപ്പിക്കുന്ന 'കലപില സമ്മർ ക്യാമ്പ് 2025' ൻറെ രണ്ടാം പതിപ്പിന് തുടക്കമായി. കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം), കേരള അക്കാദമി ഓഫ് സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ), കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ് എന്നിവ സംയുക്തമായാണ് ആറ് ദിവസത്തെ ക്യാമ്പ് സംഘടിപ്പിക്കുന്നത്.

അഞ്ചു വയസു മുതൽ പതിനാറ് വയസുവരെ പ്രായമുള്ള 89 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. ശുചിത്വ സന്ദേശം നല്കുന്നത് ലക്ഷ്യമിട്ട് ശുചിത്വ മിഷൻറെ ഔദ്യോഗിക ചിഹ്നമായ ചൂലേന്തിയ കാക്കയിൽ പ്രതീകാത്മകമായി തൂവലുകൾ പതിപ്പിച്ച് കുട്ടികൾ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രശസ്ത കലാകാരൻ പരാഗ് പന്തീരാങ്കാവാണ് ലോഗോയുടെ രൂപം കുട്ടികൾക്കായി നിർമിച്ചത്.

ചടങ്ങിൽ കേരള സ്റ്റാർട്ട് അപ്പ് മിഷൻ പി ആർ മാനേജർ അഷിത അബ്ദുൾ അസീസ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ വിനോദ് ടി വി, കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ശ്രീപ്രസാദ് എന്നിവരും പങ്കെടുത്തു. തുടർന്ന് പ്രശസ്ത തിയേറ്റർ ആർട്ടിസ്റ്റ് ബിപിൻ ദാസ് പരപ്പനങ്ങാടി നയിക്കുന്ന തിയേറ്റർ വർക്ഷോപ്പും നടന്നു.

ക്യാമ്പിൽ മുടിയേറ്റ്, നിഴൽ പാവക്കൂത്ത്, പുന്നാട് പൊലിക, ലഹരിക്കെതിരെയുള്ള സന്ദേശവുമായി മാങ്ങോ ട്രീ മാജിക് അടക്കം നിരവധി കലാ സാംസ്കാരിക പരിപാടികളും നടക്കും. കലാപരിപാടികൾ ആസ്വദിക്കാൻ സന്ദർശകർക്കും അവസരം ഒരുക്കിയിട്ടുണ്ട്. കുട്ടികളിൽ സർഗാത്മകത, നവീകരണം, സംരംഭക മനോഭാവം എന്നിവ വളർത്തുന്ന വിധത്തിലാണ് ക്യാമ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

കല, കരകൗശലം, വൈദഗ്ധ്യം, സർഗ്ഗാത്മകത, സംരംഭകത്വം, പ്രശ്നപരിഹാരം എന്നിവ സംയോജിപ്പിച്ച് കുട്ടികളിൽ വ്യക്തിത്വവും നവീകരണവും പരിപോഷിപ്പിക്കുന്ന വർക്ക്ഷോപ്പുകളും സംവേദനാത്മക പ്രവർത്തനങ്ങളും ക്യാമ്പിൽ ഉണ്ടായിരിക്കും. 'കലപില 2025' സ്റ്റാർട്ടപ്പ് എക്സിബിഷനുകളും കെഎസ് യുഎം സ്റ്റാർട്ടപ്പുകളുടെ നൂതന പദ്ധതികൾ പ്രദർശിപ്പിക്കുന്ന പ്രദർശനങ്ങളും ക്യാമ്പിൻറെ പ്രത്യേകതയാണ്. സ്റ്റാർട്ടപ്പ് സ്ഥാപകരുമായും പ്രൊഫഷണലുകളുമായും സംവദിക്കാനുള്ള അവസരവും ക്യാമ്പ് അംഗങ്ങൾക്ക് ലഭിക്കും. റോബോട്ടിക്സ് ഉൾപ്പെടെ ഏകദേശം 20 വർക്ക് ഷോപ്പുകൾ ഉണ്ടാകും.

ചിത്രകലാ പരിശീലനം, ഫേസ് പെയിൻറിംഗ്, കളരി, സ്കേറ്റിംഗ്, മ്യൂസിക്, സുംബ, നാടകം, കളിമണ്ണിൽ പാത്ര ശിൽപ നിർമാണം, ചുവർചിത്രരചന, പട്ടം നിർമ്മാണം, ഷാഡോ പപ്പെട്രി, ജയൻറ് പപ്പെട്രി, നീന്തൽ, പാചകം, വയൽ അനുഭവം, കമ്മ്യൂണിറ്റി ജീവിതം, സാഹിത്യ സാംസ്കാരിക പരിപാടികൾ തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിൽ കൈകോർക്കാൻ ക്യാമ്പ് അവസരമൊരുക്കും.

# തെക്കൻ കുരിശുമല തീർഥാടനം ഒന്നാംഘട്ടം കൊടിയിറങ്ങി

വെള്ളറട: തെക്കൻ കുരിശുമലയി ലെ 68-ാമത് മഹാതീർഥാടനം ഒന്നാം ഘട്ടത്തിനു കൊടിയിറങ്ങി. വേനൽ മഴയെ അവഗണിച്ചും ഇത്തവണ ലക്ഷക്കണക്കിനു തീർഥാടകരാണ് ഒഴുകിയെത്തിയത്. രണ്ടാംഘട്ട തീർഥാടനം പെസഹാ വ്യാഴം, ദുഃഖ വെള്ളി ദിവസങ്ങളിൽ നടക്കും.

ഇന്നലെ രാവിലെ ഒന്പതിനു നടന്ന ആഘോഷമായ തീർഥാടന പൊന്തിഫിക്കൽ ദിവബലിയ് ക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ മുഖ്യകാർമികത്വം വഹിച്ചു.

സംഗമ വേദിയിലും ആരാധനാചാപ്പലിലും നെറുകയിലും നടന്ന തിരുകർമങ്ങൾക്കു ഡോ. അലോഷ്യസ് സത്യനേശൻ, ഫാ. ജസ്റ്റിൻ ഫ്രാൻസിസ്, ഫാ. അരുൺ കുമാർ, ഡോ. ക്രിസ്തുദാസ് തോംസൺ, ഫാ. വാനീഷ് മൈക്കിൾ എന്നിവർ കാർമികത്വം വഹിച്ചു. കുരിശിന്റെ വഴി, വിശുദ്ധ കുരിശിന്റെ നവനാൾ, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ ആശീർവാദം, കുമ്പസാരം, കരുണ കൊന്ത എന്നിവയും നടന്നു.

ഉച്ചയ്ക്ക് ഒന്നിനു കുരിശുമല സംഗീത കൂട്ടായ്മ 'നിലാവ്' ഒരുക്കിയ ക്രിസ്തീയ സംഗീതാർച്ചനയ്ക്ക് ജോസ് പ്രകാശ് നേതൃത്വം നൽകി. വൈകുന്നേരം നാലിനു സംഗമ വേദിയിൽ നടന്ന സമാപന ദിവ്യബലിക്കു നെയ്യാറ്റിൻകര രൂപത വികാരി ജനറാൾ മോൺ. ഡോ. വിൻസൻറ് കെ. പീറ്ററും നെറുകയിൽ ഫാ. അജീഷ് ക്രിസ്തുവും ഫാ. ജസ്റ്റിൻ ഫ്രാൻസിസും കാർമികരായിരുന്നു.

വൈകുന്നേരം 5.30നു നടന്ന സമാപന സമ്മേളനം വെള്ളറട പഞ്ചായത്ത് പ്രസിഡൻറ് എം. രാജമോഹനൻ ഉദ്ഘാടനം ചെയ്തു. മോൺ. ഡോ. വിൻസൻറ് കെ. പീറ്റർ അധ്യക്ഷനായിരുന്നു. വത്സല രാജു, സരള വിൻസൻറ്, ജെ. ഷൈൻ കുമാർ, മണി കടയാലുംമൂട് എന്നിവർ പ്രസംഗിച്ചു.

ജനറൽ സെക്രട്ടറി പ്രജിത്ത് സ്വാഗതവും ജനറൽ കോ-ഓർഡിനേറ്റർ ടി. ജി. രാജേന്ദ്രൻ നന്ദിയും പറഞ്ഞു. തുടർന്നു പതാകയിറക്കലും നടന്നു. രാത്രി 7.30നു തിരുവനന്തപുരം ശ്രുതിസാഗർ ഒരുക്കിയ ക്രിസ്തീയസംഗീതാർച്ചനയ്ക്ക് ജോസ് സാഗർ നേതൃത്വം നൽകി.

# വീട്ടിൽ പ്രസവം, രക്തം വാർന്ന് യുവതി മരിച്ചത് മനപൂർവമുള്ള നരഹത്യക്ക് തുല്യം : മന്ത്രി വീണാ ജോർജ്

വീട്ടിലെ പ്രസവത്തെ തുടർന്ന് രക്തം വാർന്ന് യുവതി മരിച്ചത് മനപൂർവമുള്ള നരഹത്യക്ക് തുല്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മാതൃമരണ നിരക്കും ശിശുമരണ നിരക്കും ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. പക്ഷെ വർത്തമാന കാലത്ത് ചില തെറ്റായ പ്രവണതകൾ കൂടി നമ്മുടെ സമൂഹത്തിൽ ഉണ്ടാകുന്നു എന്നത് അനഭിലഷണീയമായ കാര്യമാണ്. കഴിഞ്ഞ ദിവസം ഉണ്ടായ ഒരു അമ്മയുടെ മരണം തികച്ചും നിർഭാഗ്യകരമാണ്. രണ്ടുമൂന്ന് ആഴ്ച മുമ്പ് ആശാ പ്രവർത്തക വീട്ടിൽ പോയപ്പോൾ പുറത്ത് വന്നില്ല എന്ന് ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടു. പിന്നീട് ആരോഗ്യ പ്രവർത്തക കണ്ടപ്പോഴും കാര്യം പറഞ്ഞില്ല. പ്രാഥമിക അന്വേഷണത്തിൽ 3 മണിക്കൂറോളം രക്തം വാർന്ന് അവർക്ക് കിടക്കേണ്ടി വന്നു എന്നറിഞ്ഞു. ഇത് വളരെ ഗൗരവമുള്ള വിഷയമാണെന്നും ശക്തമായി എതിർക്കണമെന്നും മന്ത്രി വ്യക്തമാക്കി. ലോകാരോഗ്യ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനവും സർക്കാർ ആശുപത്രികളിലെ ഡിജിറ്റൽ സംവിധാനങ്ങളുടെ ഉദ്ഘാടനവും മികച്ച ഡോക്ടർമാർക്കുള്ള അവാർഡ് വിതരണവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പതിറ്റാണ്ടുകളായുള്ള പ്രവർത്തനങ്ങളിലൂടെ മാതൃശിശു മരണണങ്ങൾ കുറയ്ക്കാൻ നമുക്കായി. ഇന്ത്യയിൽ ഒരു ലക്ഷം പ്രസവം നടക്കുമ്പോൾ 97 അമ്മമാർ മരിക്കുന്നു. എന്നാൽ കേരളത്തിൽ അത് 19 മാത്രമാണ്. ഇതിന് അത്യധ്വാനം ചെയ്തത് കേരളത്തിലെ ആരോഗ്യ പ്രവർത്തകരാണ്. സർക്കാർ നയങ്ങളും ഇതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ശാസ്ത്രീയ ഇടപെടലിലൂടെ, സമൂഹത്തിന്റെ ഇടപെടലിലൂടെ മാതൃശിശു മരണങ്ങൾ കുറയ്ക്കാനായെന്ന് മന്ത്രി പറഞ്ഞു.

ഈ സർക്കാർ വന്നത് കോവിഡ് രണ്ടാം തരംഗ തുടക്കകാലത്താണ്. ഇനിയൊരു ലോക്ഡൗൺ പാടില്ല എന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. വാക്സിൻ ഫലപ്രദമായി നടപ്പിലാക്കി. മികച്ച പ്രവർത്തനങ്ങളിലൂടെ കേരളം ഒറ്റക്കെട്ടായി കോവിഡിനേയും പിന്നീട് നിപയേയും പ്രതിരോധിച്ചു.

പുതിയ പൊതുജനാരോഗ്യ നിയമം കേരളത്തിൽ നടപ്പിലാക്കി. മനുഷ്യന്റേയും പ്രകൃതിയുടേയും ജീവജാലങ്ങളുടേയും ആരോഗ്യം ഉറപ്പ് വരുത്തുന്ന ഏകാരോഗ്യത്തിൽ ഊന്നിയുള്ളതാണ് ആ നിയമം. 2021ൽ നമ്മുടെ ആശുപത്രികളിൽ സൗജന്യ ചികിത്സ തേടിയവരുടെ എണ്ണം രണ്ടര ലക്ഷമായിരുന്നു. എന്നാൽ 2024 അവസാനത്തിൽ അത് ആറേമുക്കാൽ ലക്ഷമായി വർധിച്ചു. വലിയ വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിൽ കെസിഡിസിയുടെ പ്രവർത്തനം കൂടി ആരംഭിക്കും. അപൂർവരോഗ ബാധിതരായ കുഞ്ഞുങ്ങളുടെ ചികിത്സയ്ക്കായി കെയർ പദ്ധതി ആരംഭിച്ചു. എഎംആർ രംഗത്ത് രാജ്യത്തിന് മാതൃകയായ പ്രവർത്തനം നടത്തി. കുഞ്ഞുങ്ങളിലെ വൃക്ക രോഗവുമായി ബന്ധപ്പെട്ട് പ്രതീക്ഷ പദ്ധതി ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

# കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട അലന്റെ മൃതദേഹം ഏറ്റുവാങ്ങില്ലെന്ന് അലന്റെ ബന്ധുക്കൾ

പാലക്കാട്: കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട അലന്റെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനു ശേഷം ഏറ്റുവാങ്ങില്ലെന്ന് അലന്റെ ബന്ധുക്കൾ. കാട്ടാനപ്രശ്നപരിഹാരത്തിന് തങ്ങൾ മുന്നോട്ടുവെച്ച ആവശ്യങ്ങൾ അംഗീകരിച്ചു കിട്ടും വരെ മൃതദേഹം ഏറ്റുവാങ്ങില്ലെന്ന് ബന്ധുക്കൾ പറഞ്ഞു.

കുടുംബത്തിന് നഷ്ടപരിഹാരം ഉടൻ നൽകണമെന്നും ചികിത്സ ചിലവ് ബില്ല് നൽകിയതിനുശേഷം നൽകാമെന്ന് പറയുന്നത് അംഗീകരിക്കാനാവില്ലെന്നും വീട്ടുകാർ പറഞ്ഞു. തുടർന്ന് ജനപ്രതിനിധികളടക്കമുള്ളവരുടെ ഇടപെടലിനെ തുടർന്ന് ചികിത്സ സഹായമായി ഒരു ലക്ഷം രൂപ ഇന്നു തന്നെ നൽകാമെന്ന് ഡിഎഫ്ഒ അറിയിച്ചതിനെ തുടർന്ന് ബന്ധുക്കൾ പോസ്റ്റുമോർട്ടത്തിനും ഇൻക്വസ്റ്റിനും സമ്മതിച്ചു. ചികിത്സയിൽ കഴിയുന്ന അലന്റെ അമ്മ വിജിയുടെ ചികിത്സചിലവ് സർക്കാർ വഹിക്കും. തോളെല്ലിനും ഇടുപ്പെല്ലിനും ഗുരുതര പരിക്കുകളുള്ള വിജിക്ക് വിദഗ്ധ ചികിത്സ വേണ്ടിവരുമെന്ന് സൂചനകളുണ്ട്. മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരത്തുകയിൽ നിന്ന് അഞ്ചുലക്ഷം രൂപയും ഉടൻ ബന്ധുക്കൾക്ക് നൽകും. രാവിലെ എട്ടുമണിയോടെ ഇൻക്വസ്റ്റ് നടത്തിയശേഷം ആദ്യത്തെ പോസ്റ്റുമോർട്ടമായി നടത്താൻ നിശ്ചയിച്ചിരുന്നുവെങ്കിലും ബന്ധുക്കളുടെ എതിർപ്പിനെ തുടർന്ന് പോസ്റ്റുമോർട്ടം നീണ്ടുപോയി. അതിനിടെ ഡിഎഫ്ഒ ഓഫീസിലേക്ക് ബിജെപി നടത്തിയ മാർച്ചിൽ പ്രവർത്തകരും പോലീസും തമ്മിൽ ഉന്തും തള്ളുമുണ്ടായി. ബിജെപി പ്രവർത്തകർ റോഡ് ഉപരോധിക്കുകയും ചെയ്തു.

## നേത്രപരിശോധനാ ക്യാമ്പ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡും പ്രിസൈസ് കണ്ണാശുപത്രിയും സംയുക്തമായി സംഘടിപ്പിക്കുന്ന നേത്രപരിശോധനാ ക്യാമ്പും മോട്ടോർ തൊഴിലാളികൾക്കായി ബോധവത്കരണവും, ക്യാമ്പ് സിറ്റിഗും പാപ്പനംകോട് ദർശനാ ഓഡിറ്റോറിയത്തിൽ ഏപ്രിൽ 8 ന് രാവിലെ 9.30 മുതൽ വൈകിട്ട് 3 വരെ നടക്കും.

എല്ലാ തൊഴിലാളികളും പൊതുജനങ്ങളും അവസരം പ്രയോജനപ്പെടുത്തണമെന്ന് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് അറിയിച്ചു.

# കുടുംബശ്രീ പ്രീമിയം കഫേ റെസ്റ്ററൻറ് ശൃംഖല രണ്ടാം ഘട്ടം ആറ് ജില്ലകളിൽ കൂടി: സംസ്ഥാനതല ഉദ്ഘാടനം ഇന്ന് കോട്ടയത്ത്

തിരുവനന്തപുരം: കുടുംബശ്രീ പ്രീമിയം കഫേ റെസ്റ്ററൻറ് ശൃംഖല രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ആറ് ജില്ലകളിൽ കൂടി പുതിയ റെസ്റ്ററൻറുകൾ പ്രവർത്തനം ആരംഭിക്കുന്നു. ഇതിൻറെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന്(842025) 12ന് കോട്ടയം കുറവിലങ്ങാട് തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെൻററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവഹിക്കും. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് സമീപം ഗവ.പ്രസിൻറെ എതിർവശത്തെ ബഹുനില കെട്ടിടത്തിൻറെ താഴത്തെ നിലയിൽ ആരംഭിക്കുന്ന പ്രീമിയം കഫേ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അഡ്വ.ഡി സുരേഷ് കുമാർ ഉദ്ഘാടനം ചെയ്യും. ഇതോടൊപ്പം ആലപ്പുഴ(ചെങ്ങന്നൂർ കല്ലിശ്ശേരി) കൊല്ലം (കരുനാഗപ്പള്ളി കാട്ടുമുക്ക് ജംഗ്ഷൻ), പാലക്കാട് (കണ്ണമ്പ്ര,) കോഴിക്കോട് (കൊയിലാണ്ടി) എന്നീ ജില്ലകളിൽ കൂടി പ്രീമിയം റെസ്റ്ററൻറുകൾ പ്രവർത്തനം ആരംഭിക്കും.

ആദ്യഘട്ടത്തിൽ എറണാകുളം അങ്കമാലി, വയനാട് ജില്ലയിലെ മേപ്പാടി, തൃശൂരിൽ ഗുരുവായൂർ എന്നിവിടങ്ങളിലാണ് പ്രീമിയം കഫേ ആരംഭിച്ചത്. ഇതിന് മികച്ച സ്വീകാര്യത ലഭിച്ചതോടെയാണ് മറ്റു ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിച്ചത്. ഓരോ ജില്ലയിലും കൂടുതൽ ഇടങ്ങളിൽ പ്രീമിയം കഫേ തുടങ്ങാനും ലക്ഷ്യമിടുന്നു.പാചക വൈവിധ്യം, അടിസ്ഥാന സൗകര്യങ്ങൾ, ഭക്ഷണവിതരണം, പാഴ്സൽ സർവീസ്, കാറ്ററിങ്ങ്, ഓൺലൈൻ സേവനങ്ങൾ, ശുചിത്വം, മികച്ച മാലിന്യസംസ്ക്കരണ ഉപാധികൾ എന്നിവയിലടക്കം ഏറ്റവും മികച്ച ആധുനിക സൗകര്യങ്ങളോടെയാണ് എല്ലായിടത്തും പ്രീമിയം കഫേയുടെ പ്രവർത്തനം. പൂർണമായും ശീതീകരിച്ച റെസ്റ്റോറൻറിൽ ഒരേ സമയം അമ്പത് പേർക്ക് ഭക്ഷണം കഴിക്കാനുള്ള സൗകര്യമുണ്ട്. രാവിലെ ആറ് മണി മുതൽ രാത്രി 11 മണി വരെയാണ് പ്രീമിയം കഫേയുടെ പ്രവർത്തന സമയം. വെജ്, നോൺ വെജ് വിഭവങ്ങളും വിവിധ തരം ജ്യൂസ്. ഷേക്ക് എന്നിവയും ഉണ്ടാകും. പരിചയസമ്പന്നരായ കുടുംബശ്രീ വനിതകളാകും റെസ്റ്ററൻറിൽ പ്രവർത്തിക്കുക. ഭക്ഷണ പാചകം, വിതരണം, ബില്ലിങ്ങ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവർ നിർവഹിക്കും.സംരംഭങ്ങളുടെ ആധുനികവത്ക്കരണവും സുസ്ഥിരതയും ലക്ഷ്യമിട്ടുകൊണ്ട് കഴിഞ്ഞ വർഷം ജനുവരിയിലാണ് പ്രീമിയം കഫേ റെസ്റ്റോറൻറ് ശൃംഖലയ്ക്ക് തുടക്കമിട്ടത്. നിലവിൽ നൂറിലേറെ വനിതകൾക്ക് മികച്ച തൊഴിലും വരുമാനവും ഉറപ്പുവരുത്താൻ പദ്ധതി വഴി സാധിക്കുന്നുണ്ട്.

പബ്ളിക് റിലേഷൻസ് ഓഫീസർ

# വൃത്തി കോൺക്ലേവിന് കനകക്കുന്ന് ഒരുങ്ങി

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ഏപ്രിൽ 9 മുതൽ 13 വരെ നടക്കുന്ന ദേശീയ കോൺക്ലേവായ വൃത്തി -2025 ന്റെ ഒരുക്കങ്ങൾ കനകക്കുന്നിൽ പൂർത്തിയാകുന്നു. പൂർണമായും ഹരിതചട്ടങ്ങൾ പാലിച്ചും മാലിന്യത്തെ വിഭവങ്ങളും സൗന്ദര്യവുമാക്കി മാറ്റുകയെന്ന ആശയത്തെ ഉൾക്കൊണ്ടുമാണ് 'വൃത്തി'ക്കുവേണ്ടിയുള്ള സജ്ജീകരണങ്ങൾ ഒരുങ്ങുന്നത്. പരമ്പരാഗത രീതിയിൽ നിർമ്മിച്ചിട്ടുള്ള ഓലപ്പുരകളും പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗിച്ച് നിർമിക്കുന്ന ഇൻസ്റ്റലേഷനുകളുമെല്ലാം കോൺക്ലേവിനെ കൂടുതൽ ആകർഷകമാക്കും.

വ്യത്യസ്തമായ വിഷയങ്ങളിൽ ചർച്ചകളും അവതരണങ്ങളും നടക്കുന്നത് ഹരിത പെരുമാറ്റച്ചട്ടം പാലിച്ചുള്ള ഓലപ്പുരകളിലാണ്. കനകക്കുന്നിന്റെ പ്രവേശന കവാടത്തിലുൾപ്പെടെ വിവിധയിടങ്ങളിൽ വർണ്ണങ്ങളാൽ ചാലിച്ച് പല രൂപത്തിൽ പ്രത്യക്ഷമാകുന്ന ഇൻസ്റ്റലേഷനുകൾ പാഴ്വസ്തുക്കൾ കൊണ്ടാണ് നിർമിച്ചിരിക്കുന്നത്. മാലിന്യനിർമാർജ്ജനത്തിന്റെ അടിസ്ഥാന തത്വങ്ങളായ ഉപയോഗം കുറയ്ക്കൽ, പുനരുപയോഗം, പുന:ചംക്രമണം (ഞലറൗരല, ഞലൗലെ മിറ ഞലര്യരഹല) എന്നിവയിൽ അധിഷ്ഠിതമാണ് ഈ കലാരൂപങ്ങൾ. കാലാകാലങ്ങളായി മനുഷ്യൻ ഉപയോഗിച്ചു പോരുന്ന ഇത്തരം വസ്തുക്കളുടെ ഉപഭോഗം ഘട്ടംഘട്ടമായി കുറയ്ക്കുന്നതിനായുള്ള ബോധവത്കരണം കൂടിയായി ഇവ മാറും. ജൈവ-അജൈവ മാലിന്യങ്ങളുടെ കൃത്യവും സൂക്ഷ്മവുമായ സംസ്കരണത്തിനുള്ള സൗകര്യവും കോൺക്ലേവ് വേദിയിലെ മുഖ്യ ഘടകമാണ്.

അഞ്ച് ദിവസം നീളുന്ന ദേശീയ കോൺക്ലേവിന്റെ സുഗമവും സമഗ്രവുമായ നടത്തിപ്പിനായി വിദ്യാർത്ഥികളും യുവജനങ്ങളും അടങ്ങുന്ന വോളണ്ടിയർ സംഘത്തിനുള്ള പരിശീലനവും കനകക്കുന്നിൽ നടക്കുന്നുണ്ട്. കോൺക്ലേവിനോടനുബന്ധിച്ച് ചലച്ചിത്ര താരങ്ങളുൾപ്പെടെയുള്ള കലാകാരൻമാർ പങ്കെടുക്കുന്ന കലാപരിപാടികൾക്കായി നിശാഗന്ധി ഓഡിറ്റോറിയവും തയ്യാറായിക്കഴിഞ്ഞു.

മാലിന്യസംസ്കരണത്തിന്റെ ഏറ്റവും ഫലപ്രദമായ മാതൃകകൾ അടങ്ങുന്ന മാതൃകാഗ്രാമവും കനകക്കുന്നിലെ മുഖ്യ ആകർഷണമാവും.

മാലിന്യസംസ്കരണം ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട് നൂറോളം സ്റ്റാളുകളും ഒരുങ്ങുന്നുണ്ട്. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട കോൺഫറൻസ്, സെമിനാർ, വർക്ക്ഷോപ്പ് സെഷനുകൾക്കുള്ള ഒരുക്കങ്ങളും പൂർത്തിയായി വരുന്നു.

# മണിപ്പൂരിലെ പുനരധിവാസം: 217 കോടി രൂപ അനുവദിച്ചതായി കേന്ദ്രം

ന്യൂഡൽഹി: മണിപ്പൂരിൽ കലാപത്തെത്തുടർന്ന് കുടിയിറക്കപ്പെട്ടവരുടെ ദുരിതാശ്വാസ, പുനരധിവാസ നടപടികൾക്കായി കഴിഞ്ഞ വർഷം (2024 25) 217 കോടി രൂപ അനുവദിച്ചതായി കേന്ദ്ര ആഭ്യന്തരമന്ത്രാലയം.

2023 മേയ് മൂന്നിന് പൊട്ടിപ്പുറപ്പെട്ട കലാപത്തെത്തുടർന്ന് സ്ത്രീകളും പുരുഷന്മാരും കുട്ടികളും ഉൾപ്പെടെ 50000 ത്തിലധികം ആളുകളാണ് വിവിധ സ്ഥലങ്ങളിലായി 250 ഓളം ദുരിതാശ്വാസ ക്യാന്പുകളിൽ കഴിയുന്നത്. ഇവരുടെ പുനരധിവാസത്തിന് ആയിരത്തോളം പ്രീഫാബ്രിക്കേറ്റഡ് വീടുകൾ നിർമിച്ചതായും അധികൃതർ വ്യക്തമാക്കി. മണിപ്പൂരിന്റെ പുനരധിവാസത്തിന് കേന്ദ്രസർക്കാർ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ടെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ കഴിഞ്ഞ ദിവസം പാർലമെൻറിൽ വ്യക്തമാക്കിയിരുന്നു.

സംസ്ഥാനങ്ങൾക്കുള്ള മൂലധന പ്രത്യേക സഹായ പദ്ധതി (എസ്എഎസ്സിഐ) എന്നപേരിൽ കേന്ദ്ര സ്പോൺസേർഡ് സ്കീമുകൾ (സിഎസ്എസ്) വഴി മണിപ്പൂരിന് 1926 കോടി രൂപ കഴിഞ്ഞ മാസം നൽകിയതായും കേന്ദ്ര സർക്കാർ വ്യക്തമാക്കി. എസ്എഎസ്സിഐ പ്രകാരം മണിപ്പൂരിന് പ്രത്യേക സാന്പത്തികസഹായം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ വാഗ്ദാനം ചെയ്തിരുന്നു. ഇതോടൊപ്പം 2024 -25 സാന്പത്തിക വർഷത്തിൽ കേന്ദ്രസർക്കാരിന്റെ ഭവനനിർമാണ പദ്ധതിയായ പിഎംഎവൈ-ഗ്രാമീണിനു കീഴിൽ 169 കോടി രൂപയും സ്കൂൾ വിദ്യാഭ്യാസത്തിന് ഏകദേശം 520 കോടി രൂപയും ആരോഗ്യ മേഖലയ്ക്ക് 305 കോടി രൂപയും വനിതാ-ശിശു വികസന മന്ത്രാലയത്തിൽനിന്ന് 458 കോടി രൂപയും ലഭ്യമാക്കിയെന്നും അധികൃതർ വ്യക്തമാക്കി.

ഈ വർഷം ഫെബ്രുവരിയിൽ മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയതിനു പിന്നാലെ കേന്ദ്ര ബജറ്റ് സമ്മേളനത്തിന്റെ രണ്ടാംഘട്ടത്തിൽ നിർമല സീതാരാമൻ മണിപ്പൂർ ബജറ്റ് ലോക്സഭയിൽ അവതരിപ്പിച്ചിരുന്നു. ഈ സാന്പത്തികവർഷത്തിലെ പുതുക്കിയ എസ്റ്റിമേറ്റ് തുക 32657 കോടി രൂപയിൽ നിന്ന് 35105 കോടി രൂപയായി ഉയർത്താനും കേന്ദ്രം നിർദേശിച്ചിരുന്നു.

അതേസമയം, മണിപ്പൂരിലെ പല മേഖലകളിലും ഇപ്പോഴും സമാധാനം പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ല. പലപ്പോഴായി ഉണ്ടാകുന്ന അക്രമം കേന്ദ്ര സർക്കാരിന് തലവേദനയായി തുടരുകയാണ്.

# ആശുപത്രി വിട്ടതിനുശേഷം മാർപാപ്പ ആദ്യമായി പൊതുവേദിയിൽ

വത്തിക്കാൻ സിറ്റി: ആശുപത്രിയിൽനിന്നു ഡിസ്ചാർജായി വത്തിക്കാനിലെ താമസസ്ഥലത്ത് തുടർചികിത്സയും വിശ്രമവും തുടരുന്ന ഫ്രാൻസിസ് മാർപാപ്പ ഇന്നലെ അപ്രതീക്ഷിതമായി സെൻറ് പീറ്റേഴ്സ് ചത്വരത്തിലെ ബലിവേദിയിലെത്തി വിശ്വാസികളെ ആശീർവദിച്ചു.

പ്രാദേശികസമയം ഇന്നലെ രാവിലെ 11.45 ഓടെയാണ് സപ്ലിമെൻറൽ ഓക്സിജൻ നൽകുന്ന നേസൽ കാനുലകൾ ധരിച്ച് ഒരു മെയിൽ നഴ്സിനൊപ്പം മാർപാപ്പ ചക്രക്കസേരയിൽ എത്തിയത്.

രോഗികളുടെയും ആരോഗ്യ പ്രവർത്തകരുടെയും ജൂബിലി സമാപനത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയ്ക്കിടെ ദിവ്യകാരുണ്യ സ്വീകരണ സമയത്തായിരുന്നു മാർപാപ്പയുടെ കടന്നുവരവ്. അപ്രതീക്ഷിതമായി മാർപാപ്പയെ കണ്ടതോടെ വിശ്വാസികൾ കരഘോഷത്തോടെയും ആർപ്പുവിളികളോടെയും വരവേറ്റു. വിശുദ്ധ കുർബാനയ്ക്കുശേഷം സെൻറ് പീറ്റേഴ്സ് ചത്വരത്തിൽ തിങ്ങിനിറഞ്ഞ ആയിരക്കണക്കിനു വിശ്വാസികൾക്കു മധ്യത്തിലൂടെ ചക്രക്കസേരയിൽ നീങ്ങിയ മാർപാപ്പ ജനങ്ങളെ ആശീർവദിച്ചു. നല്ല ഞായറാഴ്ച ആശംസിക്കുന്നുവെന്നും എല്ലാവർക്കും നന്ദിയെന്നും മാർപാപ്പ പറഞ്ഞു.

രോഗികളുടെയും ആരോഗ്യപ്രവർത്തകരുടെയും ജൂബിലി സമാപനത്തോടനുബന്ധിച്ച് രാവിലെ 10.30ന് നടന്ന വിശുദ്ധ കുർബാനയിൽ, സുവിശേഷവത്കരണത്തിനായുള്ള കാര്യാലയത്തിന്റെ പ്രോ-പ്രീഫെക്ട് ആർച്ച്ബിഷപ് റീനൊ ഫിസിഷെല്ല മുഖ്യ കാർമികനായിരുന്നു.

വിശുദ്ധ കുർബാനയിൽ നാല് കർദിനാൾമാരും 15 മെത്രാന്മാരും 200 വൈദികരും സഹകാർമികരായിരുന്നു. വിശുദ്ധകുർബാനമധ്യേ മാർപാപ്പ തയാറാക്കിയ സുവിശേഷസന്ദേശം മുഖ്യകാർമികനായ ആർച്ച്ബിഷപ് ഫിസിഷെല്ല വായിച്ചു.

ശനിയാഴ്ചയും ഇന്നലെയുമായി വത്തിക്കാനിൽ നടന്ന രോഗികളുടെയും ആരോഗ്യപ്രവർത്തകരുടെയും ജൂബിലിയാഘോഷത്തിൽ വിവിധ രാജ്യങ്ങളിൽനിന്നായി രോഗികളും ഡോക്ടർമാരും വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുമുൾപ്പടെ 25,000 ത്തോളം പേർ പങ്കെടുത്തു.

ശനിയാഴ്ച രാവിലെ വത്തിക്കാനിൽ സെൻറ് പീറ്റേഴ്സ് ബസിലിക്കയുടെ വിശുദ്ധവാതിൽ കടക്കൽ ചടങ്ങോടെയായിരുന്നു ജൂബിലിയാഘോഷത്തിനു തുടക്കമായത്.

തുടർന്ന് സാംസ്കാരിക, ആധ്യാത്മിക, കലാപരിപാടികൾ അരങ്ങേറി. അതേസമയം, ആരോഗ്യനില മെച്ചപ്പെട്ടെങ്കിലും അടുത്തയാഴ്ചത്തെ വിശുദ്ധവാര തിരുക്കർമങ്ങളിൽ മാർപാപ്പ കാർമികത്വം വഹിക്കുമോയെന്ന കാര്യത്തിൽ ഇനിയും വത്തിക്കാൻ വ്യക്തത വരുത്തിയിട്ടില്ല.

## യെമനിലെ ഹൂതി ശക്തികേന്ദ്രങ്ങളിൽ യുഎസ് വ്യോമാക്രമണം

ദുബായ്: യുഎസ് വ്യോമാക്രമണത്തിൽ യെമനിലെ ഹൂതി ശക്തികേന്ദ്രങ്ങളിൽ രണ്ട് പേർ കൊല്ലപ്പെട്ടു. ഹൂതി വിമതരാണ് ഇക്കാര്യം അറിയിച്ചത്. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് പോസ്റ്റ് ചെയ്ത ബോംബ് സ്ഫോടന വീഡിയോയിൽ കാണുന്നതു പ്രകാരം, കൊല്ലപ്പെട്ടവരുടെ എണ്ണം ഇനിയും വർധിക്കാനാണ് സാധ്യത.

രണ്ടുനില കെട്ടിടം തകർന്നു വീഴുന്ന രംഗം ആൽ-മസിറാ സാറ്റലൈറ്റ് ചാനൽ സംപ്രേഷണം ചെയ്തു. രണ്ടു പേർ മരിച്ചതിനു പുറമേ ഒൻപത് പേർക്ക് പരിക്കേറ്റതായും കരുതപ്പെടുന്നു. വൈറ്റ്ഹൗസ് നല്കുന്ന വിവരമനുസരിച്ച് ഇതുവരെ ഹൂതികളെ ഉന്നംവച്ച് 200 ആക്രമണങ്ങളാണു യുഎസ് നടത്തിയത്.

ടെലികമ്യൂണിക്കേഷൻ സംവിധാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, തുരങ്ക ശൃംഖലകൾ എന്നിവയൊക്കെ ആക്രമിക്കപ്പെടുന്നുണ്ട്. ഗാസയിലേക്കുള്ള ജീവകാരുണ്യസഹായങ്ങൾ ഇസ്രയേൽ തടഞ്ഞതിനു ശേഷം ഹൂതികൾ ഇസ്രയേലി കപ്പലുകളെ ആക്രമിക്കുമെന്നു ഭീഷണി മുഴക്കിയിരുന്നു. എന്നാൽ, ഇസ്രേലി കപ്പലുകൾ എന്നതിന്റെ നിർവചനം അവർ വ്യക്തമാക്കിയിരുന്നില്ല. ഇതേത്തുടർന്നാണ് യുഎസ് വ്യോമാക്രമണങ്ങൾ ആരംഭിച്ചത്.

## ഭാര്യക്കൊപ്പം അൻറാർട്ടിക്കയിലേക്ക് ആഡംബര യാത്ര; ഇറാൻ വൈസ് പ്രസിഡൻറിനെ പുറത്താക്കി

ടെഹ്റാൻ: ഭാര്യക്കൊപ്പം അൻറാർട്ടിക്കയിലേക്ക് ആഡംബരയാത്ര നടത്തിയ ഇറേനിയൻ വൈസ് പ്രസിഡൻറ് ഷാഹ്റം ദാബിരിയെ പ്രസിഡൻറ് മസൗദ് പെസെഷ്കിയാൻ പുറത്താക്കി.

ഇറാൻ നേരിടുന്ന സാന്പത്തിക വെല്ലുവിളിക്കിടെ ദാബിരിയുടെ ആഡംബര യാത്ര നീതികരിക്കാനാകാത്തതും അസ്വീകാര്യവുമാണെന്ന് പ്രസിഡൻറിന്റെ ഓഫീസ് കുറ്റപ്പെടുത്തി. അൻറാർട്ടിക്കയിലേക്കു യാത്ര പോകുന്ന ആഡംബര കപ്പൽ എംവി പ്ലാൻസിയൂസിന്റെ മുന്നിൽനിന്ന് ദാബിരിയും ഭാര്യയും എടുത്ത ചിത്രം സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. ദാബിരിയെ പുറത്താക്കണമെന്ന് പ്രസിഡൻറിന്റെ അനുയായികൾ ആവശ്യപ്പെട്ടിരുന്നു.

ഹമാസിനെയും ഹിസ്ബുള്ളയെയും പിന്തുണയ്ക്കുന്നതിന്റെ പേരിൽ പാശ്ചാത്യരാജ്യങ്ങൾ ഏർപ്പെടുത്തുന്ന ഉപരോധം മൂലം ഇറാൻ രൂക്ഷ സാന്പത്തിക പ്രതിസന്ധിയിലാണ്. പണപ്പെരുപ്പം 29.5 ശതമാനമാണ്.

# ബ്രിട്ടീഷ് ഡോക്ടർ ചമഞ്ഞ് ഹൃദയശസ്ത്രക്രിയ ഏഴു പേരുടെ മരണത്തിൽ അന്വേഷണം

ഭോപ്പാൽ: മധ്യപ്രദേശിലെ ദാമോ നഗരത്തിലെ സ്വകാര്യ ആശുപത്രിയിൽ വ്യാജ ഡോക്ടർ ശസ്ത്രക്രിയ നടത്തിയതിനെത്തുടർന്ന് ഒരു മാസത്തിനിടെ ഏഴുപേർ മരിച്ചതായി റിപ്പോർട്ട്. എൻ. ജോൺ കെം എന്ന പ്രമുഖ ബ്രിട്ടീഷ് കാർഡിയോളജിസ്റ്റിന്റെ പേരിലാണ് പ്രതിയായ ആൾ ഇവിടെ ജോലിക്കു കയറിയത്. തുടർച്ചയായി രോഗികൾ മരിച്ചതിനെത്തുടർന്നു നടത്തിയ അന്വേഷണത്തിൽ പ്രതിയുടെ യഥാർഥ പേര് നരേന്ദ്ര വിക്രമാദിത്യ യാദവ് എന്നാണെന്നു കണ്ടെത്തുകയായിരുന്നു. ഏഴുപേർ മരിച്ചെന്നത് ഔദ്യോഗിക കണക്കാണെന്നും അനൗദ്യോഗിക എണ്ണം ഇതിലും കൂടുമെന്നും ജില്ലാ ശിശുക്ഷേമ സമിതി പ്രസിഡൻറ് അഡ്വ. ദീപക് തിവാരി പറഞ്ഞു. സംഭവത്തിൽ ദീപക് തിവാരി തന്നെയാണ് പോലീസിൽ പരാതി നൽകിയത്. പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ ഭരണകൂടത്തിനു കീഴിലുള്ള അന്വേഷണസംഘം ആശുപത്രിയിൽനിന്ന് രേഖകൾ പിടിച്ചെടുത്തു. അന്വേഷണത്തിൽ ആൾമാറാട്ടക്കാരൻ പ്രശസ്ത ബ്രിട്ടീഷ് ഡോക്ടറുടേതിനു സമാനമായ രേഖകൾ വ്യാജമായുണ്ടാക്കി ആശുപത്രിയിൽ സമർപ്പിച്ചതായി കണ്ടെത്തി. ഹൈദരാബാദിൽ ഒരു ക്രിമിനൽ കേസുൾപ്പെടെ നിരവധി വിവാദങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളയാളാണു പ്രതിയെന്നും സംഘം കണ്ടെത്തി. ബ്രിട്ടീഷ് ഡോക്ടറായ എൻ. ജോൺ കെം ആയി വേഷം കെട്ടിയതിന് മുമ്പും വ്യാജ ഡോക്ടർക്കെതിരേ കേസെടുത്തിട്ടുണ്ട്. പ്രതിയെ കണ്ടെത്താനായി പോലീസ് വ്യാപക അന്വേഷണം നടത്തിവരികയാണ്.

# യുക്രെയ്നിൽ റഷ്യൻ മിസൈൽ ആക്രമണം; കുട്ടികളുൾപ്പെടെ 18 പേർ കൊല്ലപ്പെട്ടു

കീവ്: യുക്രെയ്ൻ പ്രസിഡൻറ് വൊളോദിമിർ സെലൻസ്കിയുടെ ജന്മനാട്ടിൽ റഷ്യ നടത്തിയ മിസൈൽ ആക്രമണത്തിൽ ഒമ്പത് കുട്ടികൾ ഉൾപ്പെടെ 18 പേർ കൊല്ലപ്പെട്ടു. 61 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. രണ്ട് കുട്ടികളുടെ നില അതീവഗുരുതരമാണ്. പരിക്കേറ്റ 17 പേർ ഗുരുതരാവസ്ഥയിലാണ്. വെള്ളിയാഴ്ച മധ്യ യുക്രെയ്ൻ നഗരമായ ക്രിവി റിയ്ഹിൽ വെള്ളിയാഴ്ചയായിരുന്നു ആക്രമണം. വൊളോദിമിർ സെലെൻസ്കിയുടെ ജന്മനാടാണ് ക്രിവി റിയ്ഹ്. ജനവാസമുള്ള പ്രദേശത്തായിരുന്നു മിസൈൽ ആക്രമണം. കുട്ടികളുടെ കളിസ്ഥലത്തും മിസൈൽ പതിച്ചു. ഇരുപതോളം പാർപ്പിട സമുച്ചയങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചു. നിരവധി വാഹനങ്ങൾ തകർന്നു. യുക്രെയ്ൻ സൈന്യത്തിനു നേരേയാണ് ആക്രമണം നടത്തിയതെന്ന് റഷ്യ അവകാശപ്പെട്ടു. പാശ്ചാത്യ സൈനിക സഹായികളും കമാൻഡർമാരും യോഗം ചേർന്ന റസ്റ്ററൻറിന് നേർക്കാണ് മിസൈൽ പ്രയോഗിച്ചത്- റഷ്യൻ പ്രതിരോധ മന്ത്രാലയം പറഞ്ഞു. ആക്രമണത്തിൽ 85 സൈനികരും വിദേശ ഉദ്യോഗസ്ഥരും കൊല്ലപ്പെട്ടതായും 20 വാഹനങ്ങൾ നശിപ്പിച്ചതായും റഷ്യൻ സൈന്യം അവകാശപ്പെട്ടു. പിന്നീട് ക്രിവി റിയ്ഹിൽനടന്ന ഡ്രോൺ ആക്രമണത്തിൽ ഒരു സ്ത്രീ കൊല്ലപ്പെടുകയും ഏഴ് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. റഷ്യൻ സൈന്യം ഒറ്റ രാത്രി യുക്രെയ്നിലേക്ക് 92 ഡ്രോണുകളാണ് വിക്ഷേപിച്ചത്. അതിൽ 51 എണ്ണം യുക്രെയ്ൻ വ്യോമ പ്രതിരോധ സേന വെടിവച്ചിട്ടു. റഷ്യൻ അധിനിവേശം ആരംഭിച്ചതിനുശേഷം ക്രിവി റിയ്ഹിൽ നടന്ന ഏറ്റവും മാരകമായ ആക്രമണങ്ങളിലൊന്നായിരുന്നിത്.

## മാലെഗാവ് സ്ഫോടനക്കേസ് ജഡ്ജിയെ സ്ഥലംമാറ്റി

മുംബൈ: 2008ലെ മാലെഗാവ് സ്ഫോടനക്കേസ് വിചാരണ നടത്തിയ പ്രത്യേക എൻഐഎ കോടതി ജഡ്ജി എ. കെ. ലഹോട്ടിയെ സ്ഥലംമാറ്റി. നാസിക്കിലേക്കാണ് ഇദ്ദേഹത്തെ മാറ്റിയത്. മാലെഗാവ് കേസിൽ വിധി പ്രഖ്യാപനം നടത്തുന്നതിനു ദിവസങ്ങൾക്കു മുന്പാണു ലഹോട്ടിയെ സ്ഥലംമാറ്റിയത്. ബോംബെ ഹൈക്കോടതി രജിസ്ട്രാർ ജനറൽ ആണ് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത്.

ജസ്റ്റീസ് ലഹോട്ടിയെ സ്ഥലംമാറ്റിയതിലൂടെ തങ്ങൾക്കു നീതി വൈകുമെന്ന് മാലെഗാവ് സ്ഫോടനത്തിലെ ഇരകൾ ചൂണ്ടിക്കാട്ടുന്നു.

ജസ്റ്റീസ് ലഹോട്ടിയെ തുടരാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ബോംബെ ഹൈക്കോടതിയെ സമീപിക്കുമെന്ന് ഇരകളുടെ അഭിഭാഷകൻ ഷാഹിദ് നദീം അറിയിച്ചു. 17 വർഷം നീണ്ട കേസിന്റെ വിചാരണയ്ക്കിടെ സ്ഥലംമാറ്റം ലഭിച്ച അഞ്ചാമത്തെ ജഡ്ജിയാണ് ജസ്റ്റീസ് ലഹോട്ടി.

2008 സെപ്റ്റംബർ 29നു മാലെഗാവിലെ മോസ്കിനു സമീപമുണ്ടായസ്ഫോടനത്തിൽ ആറു പേരാണു കൊല്ലപ്പെട്ടത്. നൂറിലേറെ പേർക്കു പരിക്കേറ്റു. ബിജെപി നേതാക്കളായ പ്രജ്ഞാ ഠാക്കൂർ, ലഫ്. കേണൽ പ്രസാദ് പുരോഹിത് എന്നിവർ ഉൾപ്പെടെ ഏഴു പേരെ കേസിൽ പ്രതിചേർത്തിരുന്നു. തുടക്കത്തിൽ മഹാരാഷ്ട്ര എടിഎസ് ആണ് കേസ് അന്വേഷിച്ചത്. പിന്നീട് ദേശീയ അന്വേഷണ ഏജൻസി(എൻഐഎ) കേസ് അന്വേഷണം ഏറ്റെടുത്തു.

## മാസപ്പടി കേസ്: സിഎംആർഎൽ ഹർജിയിൽ എസ്എഫ്ഐഒയ്ക്ക് നോട്ടീസയച്ച് ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: മുഖ്യമന്ത്രിയുടെ മകൾ വീണ വിജയൻ ഉൾപ്പെട്ട മാസപ്പടിക്കേസിൽ എസ്എഫ്ഐഒയ്ക്ക് നോട്ടീസയച്ച് ഡൽഹി ഹൈക്കോടതി. തുടർനടപടികൾ തടയണമെന്ന സിഎംആർഎൽ ഹർജിയിലാണ് ഹൈക്കോടതി നടപടി.

ഹർജിയിൽ ബുധനാഴ്ച വാദം കേൾക്കും. ഹർജിയിൽ എസ്എഫ്ഐഒയ്ക്കും കേന്ദ്ര കമ്പനികാര്യമന്ത്രാലയത്തിനും കോടതി നോട്ടീസയച്ചു. ചൊവ്വാഴ്ചതന്നെ മറുപടി നൽകാനാണ് നിർദേശം.

അന്വേഷണത്തിനെതിരെ സിഎംആർഎൽ നൽകിയ പ്രധാന ഹർജിയിലും ബുധനാഴ്ച വാദം കേൾക്കും. ഈ ഹർജി തീർപ്പാക്കുംവരെ കേസിൽ തുടർനടപടികളുണ്ടാകില്ലെന്ന് ഹൈക്കോടതിയിലെ മറ്റൊരു ബെഞ്ച് നേരത്തെ വാക്കാൽ പറഞ്ഞിരുന്നുവെന്നും അത് ലംഘിക്കപ്പെട്ടെന്നും സിഎംആർഎൽ വാദിച്ചു.

കേസിൽ കൊച്ചിയിലെ കോടതിയിൽ തുടർനടപടികൾ തുടങ്ങാനിരിക്കെയാണ് സിഎംആർഎൽ ഹൈക്കോടതിയിൽ ഹർജി നൽകിയത്. ഹൈക്കോടതിയുടെ അനുമതി ഇല്ലാതെ വിചാരണ തുടങ്ങരുതെന്നും ഹർജിയിൽ ആവശ്യപ്പെടുന്നുണ്ട്.

# അൽപം കൂടി ചെയ്യുവാനുള്ള ത്വരയാണ് തന്റെ ജീവിത മന്ത്രമെന്ന് ധോണി; ധോണിആപ്പിലൂടെ ജീവിതകഥ പങ്കുവെച്ച് ക്രിക്കറ്റ് താരം

മുംബൈ: ക്രിക്കറ്റ് താരം ധോണിയുടെ ആരാധകർക്കായി സജ്ജമാക്കിയ ധോണി ആപ്പിൽ താരത്തിന്റെ ആദ്യ പോഡ്കാസ്റ്റ് റിലീസ് ചെയ്തു. ഇതുവരെ കേട്ടിട്ടില്ലാത്ത ധോണിയുടെ ജീവിതകഥ അദ്ദേഹം തന്നെ ആരാധകരുമായി പങ്കിട്ടപ്പോൾ ഏറെ ആവേശത്തോടെയാണ് ഫാൻസ് ആപ്പിനെ വരവേറ്റത്. സോഷ്യൽ മീഡിയയിൽ പോഡ്കാസ്റ്റ് ട്രെൻഡായതോടെ ധോണി ആപ്പ് ഡൗൺലോഡ് ചെയ്തവരുടെ എണ്ണവും വർധിച്ചു. വെള്ളിയാഴ്ച രാത്രി എട്ടു മണിക്കായിരുന്നു പോഡ്കാസ്റ്റിലൂടെ തന്റെ ജീവിതയാത്ര പങ്കിടുന്ന പോഡ്കാസ്റ്റുമായി ധോണി എത്തിയത്. ക്രിക്കറ്റിനപ്പുറമുള്ള തന്റെ ജീവിതത്തിന്റെ ഏടുകൾ, സംരംഭക ജീവിതം, പരാജയങ്ങൾ, ജീവിതത്തിൽ നേരിട്ട പ്രതിസന്ധികൾ, ഇപ്പോഴും തന്നെ നയിക്കുന്ന അഭിനിവേശം എന്നിവയെക്കുറിച്ചെല്ലാം താരം വിവരിക്കുന്നുണ്ട്. എപ്പോഴും കുറച്ചുകൂടി ചെയ്യാനുള്ള ത്വരയാണ് തന്റെ ജീവിത മന്ത്രമെന്നും ധോണി പറയുന്നു. റാഞ്ചിയിൽ നിന്നും ലോകവേദിയിൽ തന്നെ എത്തിച്ചത് ഈ മന്ത്രമാണെന്നും ഇത് ഇന്ത്യക്കാരുടെ പ്രത്യേകതയാണെന്നും താരം വ്യക്തമാക്കി. ഇന്ത്യയിലെ ചെറിയ ഗ്രാമത്തിൽ ജനിച്ചു വളർന്ന കഥയും ചപ്പൽ ദിനങ്ങളും റെയിൽവേയിലെ തന്റെ ജോലിക്കാലവും പിന്നെ ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ പദവിയിലേക്കുള്ള തന്റെ ദീർഘയാത്ര ഇവയെല്ലാം ധോണി ആരാധരുമായി പങ്കുവെക്കുന്നുണ്ട്. ലോകം കണ്ട മികച്ച ക്രിക്കറ്ററുടെ ജീവിതകഥ ഏറ്റെടുത്തിരിക്കുകയാണ് ഇപ്പോൾ സോഷ്യൽ മീഡിയ. മലയാളി സംരംഭകനും അഭിഭാഷകനുമായ സുഭാഷ് മാനുവലിന്റെ നേതൃത്വത്തിലുള്ള സിംഗിൾഐഡിയാണ് ധോണിയുടെ ഫാൻസിനായി ധോണിആപ്പ് പുറത്തിറക്കിയത്. ഇതാദ്യമായാണ് ഒരു ഇന്ത്യൻ ക്രിക്കറ്റ് താരത്തിനും ഫാൻസിനുമായി ഒരു ആപ്പ് പുറത്തിറക്കുന്നത്. ധോണിയുടെ എക്സ്ക്ലൂസീവ് ചിത്രങ്ങളും വിഡിയോയുമാണ് ആപ്പിൽ ലഭിക്കുക. നേരത്തെ മുംബൈയിൽ നടന്ന പ്രൗഢഗംഭീര ചടങ്ങിൽ എംഎസ് ധോണി തന്നെയാണ് ഫാൻസ് ആപ്പ് പുറത്തിറക്കിയത്. മലയാളിയും ഇന്ത്യൻ ക്രിക്കറ്റ് താരവുമായ സഞ്ജു സാംസണും മുഖ്യാതിഥിയായിരുന്നു. ഗൂഗിൾ പ്ലേ സ്റ്റോറിൽ ആപ്പ് ലഭ്യമാണ്. www.dhoniapp.com.

## വിദേശ പര്യടനത്തിന് തുടക്കം; രാഷ്ട്രപതി ദ്രൗപതി മുർമു പോർച്ചുഗലിൽ

ന്യൂഡൽഹി: രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു പോർച്ചുഗലിലെത്തി. 27 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇന്ത്യൻ രാഷ്ട്രപതി പോർച്ചുഗലിൽ എത്തുന്നത്. 1998ൽ കെ. ആർ. നാരായണനായിരുന്നു അവസാനമായി പോർച്ചുഗൽ സന്ദർശിച്ച രാഷ്ട്രപതി. പോർച്ചുഗൽ പ്രസിഡൻറ് മാർസല്ലോ റെബെലോ ഡി സൗസയുടെ ക്ഷണമനുസരിച്ചാണ് സന്ദർശനം. ഏപ്രിൽ നിന്ന് ഒന്പതിന് രാഷ്ട്രപതി പോർച്ചുഗലിൽ നിന്ന് സ്ലൊവാക്കിയയിലേക്ക് പോകും. 29 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇന്ത്യൻ രാഷ്ട്രപതി സ്ലൊവാക്കിയ സന്ദർശിക്കുന്നത്. രണ്ട് പ്രധാന യൂറോപ്യൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തമാക്കാൻ ഈ സന്ദർശനങ്ങൾ സഹായിക്കുമെന്ന് രാഷ്ട്രപതി ഭവൻ അറിയിച്ചു.

## വിമാനത്തിന്റെ എമർജൻസി എക്സിറ്റ് ഡോർ തുറക്കാൻ ശ്രമം; യുവാവ് അറസ്റ്റിൽ

സിഡ്നി: ഓസ്ട്രേലിയയിലെ സിഡ്നിയിലേക്ക് പറന്ന എയർ ഏഷ്യ എക്സ് വിമാനത്തിന്റെ എമർജൻസി എക്സിറ്റ് ഡോർ തുറക്കാൻ ശ്രമിച്ച യുവാവ് അറസ്റ്റിൽ. ശനിയാഴ്ച മലേഷ്യയിലെ ക്വാലാലംപൂരിൽ നിന്ന് യാത്ര ചെയ്യുകയായിരുന്നു ഡി 7220 വിമാനത്തിലായിരുന്നു സംഭവം.

ജോർദാൻ പൗരനായ ഷാദി തൈസീർ അൽസായിദ് ആണ് പിടിയിലായത്. ഇയാൾ ആദ്യം വിമാനത്തിന്റെ പിൻഭാഗത്തെ എമർജൻസി എക്സിറ്റ് ഡോർ തുറക്കാൻ ശ്രമിച്ചതായി ഓസ്ട്രേലിയൻ ഫെഡറൽ പോലീസ് പറഞ്ഞു.

ക്യാബിൻ ക്രൂവും യാത്രക്കാരും ഇടപെട്ട് ഈ ശ്രമം പരാജയപ്പെടുത്തികയായിരുന്നു. ഇതിനിടെ ഇയാൾ വിമാനത്തിലെ ഒരു ജീവനകാരനെ ആക്രമിച്ചു. ഇതേതുടർന്നു ഇയാളെ വിമാനത്തിന്റെ മധ്യത്തിലുള്ള ഒരു സീറ്റിലേക്ക് മാറ്റി. പിന്നീട് അൽസായിദ് മറ്റൊരു എമർജൻസി എക്സിറ്റ് ഡോർ തുറക്കാനും ശ്രമിച്ചു.

ഒരു വിമാനത്തിന്റെ സുരക്ഷ അപകടത്തിലാക്കിയതിനു രണ്ട് കുറ്റങ്ങളും ക്യാബിൻ ക്രൂവിനെ ആക്രമിച്ചതിന് ഒരു കുറ്റവും അൽസായിദിനെതിരെ ചുമത്തിയിട്ടുണ്ടെന്ന് എഎഫ്പി പറഞ്ഞു.

## ട്രംപിനെതിരേ 'ഹാൻഡ്സ് ഓഫ്' പ്രതിഷേധവുമായി പതിനായിരങ്ങൾ

ന്യൂയോർക്ക്: യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിനെതിരേ രാജ്യത്ത് വ്യാപക പ്രതിഷേധം. ട്രംപിന്റെ ഭരണ-സാന്പത്തിക-വ്യാപാര പരിഷ്കാരങ്ങൾക്കെതിരേ ന്യൂയോർക്ക്, ഹൂസ്റ്റൺ, ഫ്ലോറിഡ, കൊളറാഡോ, ലോസ് ആഞ്ചലസ് എന്നിവിടങ്ങളിൽ ഉൾപ്പെടെ പതിനായിരങ്ങൾ തെരുവിലിറങ്ങി. 'ഹാൻഡ്സ് ഓഫ്' (രാജ്യത്തിന്റെ അടിസ്ഥാനശിലകളെ തകിടംമറിക്കുന്ന തീരുമാനങ്ങളിൽ നിന്നു പിന്മാറുക) എന്നു പേരിട്ട പ്രതിഷേധപ്രകടനങ്ങളിൽ അഞ്ചു ലക്ഷം പേർ പങ്കെടുത്തുവെന്നാണു കണക്ക്. പടിഞ്ഞാറൻ തീരം മുതൽ കിഴക്കൻ തീരം വരെയുള്ള 1300 നഗരങ്ങളിലാണ് പ്രതിഷേധം അലയടിച്ചത്. 150 സംഘടനകളുടെ നേതൃത്വത്തിൽ ട്രംപിനെതിരേ നടക്കുന്ന പ്രതിഷേധപരിപാടിയാണ് 'ഹാൻഡ്സ് ഓഫ്' പ്രക്ഷോഭം. യുഎസ് വിദേശനയത്തിലെ മാറ്റങ്ങൾക്കെതിരേയുള്ള എതിർപ്പ് രേഖപ്പെടുത്താനായി ഹാൻഡ്സ് ഓഫ് കാനഡ, ഹാൻഡ്സ് ഓഫ് ഗ്രീൻലാൻഡ് എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളും മുഴങ്ങി.

യുഎസിനു പുറത്ത് ലണ്ടൻ, ബെർലിൻ എന്നീ നഗരങ്ങളിലും പ്രതിഷേധം അരങ്ങേറി. റിട്ടയർമെൻറ്, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നഷ്ടമാകുമെന്നു തങ്ങൾ ഭയക്കുന്നതായി പ്രക്ഷോഭകരിൽ ചിലർ പറഞ്ഞപ്പോൾ, മറ്റു ചിലർ അമേരിക്കൻ ജനതയ്ക്ക് ജനാധിപത്യ അവകാശങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് അഭിപ്രായപ്പെട്ടു.

എന്നാൽ, പ്രതിഷേധങ്ങൾ തള്ളിക്കളയുന്നുവെന്ന് വൈറ്റ് ഹൗസ് അറിയിച്ചിട്ടുണ്ട്. നയങ്ങൾ മാറ്റാൻ ഉദ്ദേശിക്കുന്നില്ലെന്നു ട്രംപും വ്യക്തമാക്കിയിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ലോകാരോഗ്യ ദിനാചരണത്തിന്റെയും സർക്കാരാശുപത്രികളിൽ ഡിജിറ്റലായി പണമടയ്ക്കാനുള്ള സംവിധാനം, ഓൺലൈൻ ഒപി ടിക്കറ്റ്, എം-ഇ ഹെൽത്ത് ആപ്പ്, സ്കാൻ എൻ ബുക്ക് സംവിധാനം എന്നിവയുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുന്നു.

# മികച്ച ഡോക്ടർമാർക്കുള്ള പുരസ്കാരം നേടിയ ഡോക്ടർമാരെ മന്ത്രി അഭിനന്ദിച്ചു

2022 ലെ മികച്ച ഡോക്ടർമാർക്കുള്ള അവാർഡ് ലഭിച്ചവർ: ഡോ. അനൂപ് സി ഒ (ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് സർവീസസ്), ഡോ. ഗോമതി എസ് (ഡിപ്പാർട്ട്മെന്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ), ഡോ. ജയശ്രീ എസ് (ഇൻഷുറൻസ് മെഡിക്കൽ സർവീസസ്), ഡോ. സജു എൻ എസ് (ഡെന്റൽ സ്പെഷ്യാലിറ്റീസ്), ഡോ ശശിധരൻ പി (പ്രൈവറ്റ് സെക്ടർ).

2023ലെ മികച്ച ഡോക്ടർമാർക്കുള്ള അവാർഡ് ലഭിച്ചവർ: ഡോ. അരവിന്ദ് ആർ (ഡിപ്പാർട്ട്മെന്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ), ഡോ. ബാബു ഇ സി (ഡെന്റൽ സ്പെഷ്യാലിറ്റീസ്), ഡോ. ബിന്ദു മേരി ഫ്രാൻസിസ് (ഇൻഷുറൻസ് മെഡിക്കൽ സർവിസസ്), ഡോ. ഡാഹർ മൊഹമ്മദ് വി പി (ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് സർവീസസ്), ഡോ. വി പി പൈലി (പ്രൈവറ്റ് സെക്ടർ).

കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ സ്വാഗതവും ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെജെ റീന നന്ദിയും പറഞ്ഞു. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ മുഖ്യ പ്രഭാഷണം നടത്തി. ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ ദിനാചരണ സന്ദേശം നൽകി. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോ. ഡയറക്ടർ ഡോ. വിശ്വനാഥൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ലിനറ്റ് ജെ മോറിസ്, ഡി.എം.ഒ. ഡോ. ബിന്ദു മോഹൻ, കെസിഡിസി സ്പെഷ്യൽ ഓഫീസർ ഡോ. എസ്.എ. ഹാഫിസ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ബിജോയ്, ഡിപിഎം ഡോ. അനോജ്, ഐഎംഎ സംസ്ഥാന പ്രസിഡന്റ് ഡോ. ശ്രീവിലാസൻ, കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ഡോ. അജിത്, ഐഎപി സംസ്ഥാന പ്രസിഡന്റ് ഡോ. റിയാസ്, സ്റ്റേറ്റ് മാസ് മീഡിയ ഓഫീസർ ഡോമി ജോൺ എന്നിവർ പങ്കെടുത്തു.

# സംഘ്പരിവാർ ആക്രമണത്തിന് ഇരയായ ഡേവിസ് അച്ചന് പൂർണ പിന്തുണ നൽകും

തൃശൂർ: രാജ്യത്ത് ഉടനീളെ ക്രൈസ്തവർക്കും ക്രൈസ്തവ ദേവാലയങ്ങൾക്കും നേരേ ആക്രമണങ്ങൾ നടക്കുകയാണ്. സംഘ്പരിവാറിന്റെ പിന്തുണയോടെയാണ് ഈ ആക്രമണങ്ങൾ എല്ലാം നടക്കുന്നത്. അതിന്റെ ഭാഗമായാണ് ഫാദർ ഡേവിസ് ഉൾപ്പെടെയുള്ളവർ ജെബൽപൂരിൽ ആക്രമിക്കപ്പെട്ടത്.

പള്ളികളിൽ തീർത്ഥാടനത്തിന് എത്തിയവർ ഫാദർ ഡേവിസിന്റെ പള്ളി സന്ദർശിച്ച് മടങ്ങിപ്പോകുന്നതിനിടെയാണ് ആക്രമിക്കപ്പെട്ടത്. വിവരം അറിഞ്ഞ് സംഭവ സ്ഥലത്ത് എത്തിയ ഫാദർ ഡേവിസും സഹവികാരിയും ഉൾപ്പെടെയുള്ളവരും ക്രൂരമായി ആക്രമിക്കപ്പെട്ടു. ഒരു വികാരി കൈയ്യൊടിഞ്ഞ് ആശുപത്രിയിലാണ്. ഇതേ സംഭവം തന്നെയാണ് ഒഡിഷയിലും നടന്നത്. ഓഡീഷയിൽ പൊലീസാണ് പള്ളിയിൽ കയറി വികാരിയെയും സഹവികാരിയെയും ആക്രമിച്ചത്. സഹവികാരി തോളെല്ല് പൊട്ടി ആശുപത്രിയിലാണ്. രാജ്യത്ത് ഉടനീളെ എല്ലാ സംസ്ഥാനങ്ങളിലും ആക്രമണങ്ങൾ നടക്കുകയാണ്. നിരവധി വൈദികരാണ് ജയിലിൽ കഴിയുന്നത്. പരാതിയുമായി ചെന്നാൽ മതപരിവർത്തന വിരുദ്ധ നിയമം ഉപയോഗപ്പെടുത്തി ക്രൈസ്തവരെ ജയിലിൽ അടയ്ക്കുകയാണ്.

ക്രിസ്മസ് ആരാധനകൾ പോലും തടസപ്പെടുത്തുകയാണ്. ഞായറാഴ്ചകളിലെ ആരാധനകൾ പോലും നടക്കുന്നില്ല. പള്ളികളിൽ സ്ഥാപിച്ചിരിക്കുന്ന വിശുദ്ധരുടെ പ്രതിമകൾ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. സ്കൂളുകളിൽ ക്രൈസ്തവ പ്രാർത്ഥനകൾ ഒഴിവാക്കി ജയ് ശ്രീറാം വിളിക്കണമെന്നാണ് നിർദേശം. രാജ്യത്ത് ന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെടുകയാണ്. ഇതിന് പുറമെയാണ് ആർ. എസ്. എസ് മുഖപത്രമായ ഓർഗനൈസറിൽ വഖഫ് ബിൽ കഴിഞ്ഞ് ബ്രിട്ടീഷുകാർ പാട്ടമായി നൽകി ക്രൈസ്തവരുടെ കയ്യിലുള്ള ഏഴ് കോടി ഹെക്ടർ സ്ഥലം തിരിച്ച് പിടിക്കണമെന്നാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ജെബൽപൂരിൽ സംഘ്പരിവാർ ആക്രമണത്തിന് ഇരയായ തൃശൂർ സ്വദേശി ഫാദർ ഡേവിസിന്റെ വസതി സന്ദർശിച്ച ശേഷം പ്രതിപക്ഷ നേതാവ് പറഞ്ഞത്.

വഖഫ് ബിൽ വന്നതു പോലെ ചർച്ച് ബിൽ വരുമെന്ന് കോൺഗ്രസും യു. ഡി. എഫും മുന്നറിയിപ്പ് നൽകിയിരുന്നതാണ്. വഖഫ് ബില്ലിനെ മുനമ്പം വിഷയവുമായി കൂട്ടിക്കുഴച്ച് രണ്ട് സമുദായങ്ങൾ തമ്മിലുള്ള പ്രശ്നമാക്കി മാറ്റാനാണ് സംഘ്പരിവാർ ശ്രമിച്ചത്. ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾക്ക് മേലുള്ള കടന്നു കയറ്റമാണ് വഖഫ് ബിൽ. അത് വഖഫ് ബില്ലിൽ തുടങ്ങിയെന്നു മാത്രമെയുള്ളൂ.

ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിച്ച് ഒരു ന്യൂനപക്ഷ സമുദായത്തെയും വേട്ടയാടാൻ അനുവദിക്കില്ലെന്ന നിലപാടാണ് കോൺഗ്രസും ഇന്ത്യ മുന്നണിയും ദേശീയതലത്തിൽ സ്വീകരിച്ചത്. ആ നിലപാടുമായി മുന്നോട്ടു പോകും. ആക്രമണത്തിന് ഇരയായ ഡേവിസ് അച്ചന്റെ കുടുംബാംഗങ്ങൾക്ക് പൂർണമായ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

# സംസ്ഥാനത്തെ 31612 കുടുംബശ്രീ ബാലസഭകളിൽ ഇന്ന് തെരഞ്ഞെടുപ്പ്

## സംസ്ഥാനമൊട്ടാകെ ബാലസഭകളിൽ അംഗങ്ങളായ 4.6 ലക്ഷം കുട്ടികൾ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നു

തിരുവനന്തപുരം: സംസ്ഥാനത്തെ 19470 വാർഡുകളിലെ 31612 ബാലസഭകളിൽ ഇന്ന് (842025) തെരഞ്ഞെടുപ്പ്. 4.6 ലക്ഷം ബാലസഭാ അംഗങ്ങൾ ഇതിൽ പങ്കെടുക്കും. ലോകത്തു തന്നെ ഇത്രയേറെ കുട്ടികൾ ഒരുമിച്ച് തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കുന്നത് കുടുംബശ്രീ ബാലസഭാ സംവിധാനത്തിൽ മാത്രമാണ്. തെരഞ്ഞെടുപ്പിൻറെ ഭാഗമായി ഇന്ന് രാവിലെ 9ന് എല്ലാ ബാലസഭകളും യോഗം ചേർന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെൻററി കാര്യ വകുപ്പ് മന്ത്രിയുടെ ക്ഷണക്കത്ത് വായിക്കും. തുടർന്ന് തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളിലേക്ക് കടക്കും. അതത് അയൽക്കൂട്ട പ്രസിഡൻറാണ് വരണാധികാരി.

പത്തിനും പതിനെട്ടിനും ഇടയിൽ പ്രായമുള്ള കുട്ടികളാണ് തെരഞ്ഞെടുപ്പിൽ മത്സരിക്കുക. ഓരോ ബാലസഭയിലേക്കും പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സെക്രട്ടറി, ജോയിൻറ് സെക്രട്ടറി എന്നീ ഭാരവാഹികളെ തിരഞ്ഞെടുക്കും. ഇതു പ്രകാരം ഒരു ബാലസഭയിൽ നാലു ഭാരവാഹികൾ വീതം സംസ്ഥാനമൊട്ടാകെ ആകെ 1,26,448 ഭാരവാഹികളെ ബാലസഭാതലത്തിൽ തെരഞ്ഞെടുക്കും. ഒരു വർഷമാണ് ബാലസഭാ ഭരണസമിതിയുടെ കാലാവധി.

ഓരോ ബാലസഭയിലും തെരഞ്ഞെടുക്കപ്പെടുന്ന നാല് ഭാരവാഹികളിൽ രണ്ടു പേർ പെൺകുട്ടികളായിരിക്കും. കൂടാതെ പ്രസിഡൻറ്, സെക്രട്ടറി പദവികളിൽ ഏതിലെങ്കിലും ഒന്നിൽ പെൺകുട്ടി ആയിരിക്കണമെന്നും വ്യവസ്ഥയുണ്ട്. ഇപ്രകാരം പൊതുസഭയിൽ നിന്നും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കുന്ന ഭാരവാഹികളായിരിക്കും പിന്നീട് വാർഡ്തലത്തിൽ രൂപീകരിക്കുന്ന ബാലസമിതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. ബാലസഭകളുടെ മൂന്നാമത്തെ തലമായ ബാലപഞ്ചായത്തിലേക്കും ബാലനഗരസഭയിലേക്കുമുള്ള തെരഞ്ഞെടുപ്പ് മെയ് രണ്ടിന് സംഘടിപ്പിക്കും.

മെയ്മാസം ബാലസഭാംഗങ്ങൾക്കായി സംഘടിപ്പിക്കുന്ന 'കുടുംബശ്രീ മൈൻഡ് ബ്ളോവേവ്സ് ലിയോറ ഫെസ്റ്റ് ' ജില്ലാതല സമ്മർ ക്യാമ്പുകളിൽ പങ്കെടുക്കാനുള്ളവരുടെ തിരഞ്ഞെടുപ്പും ഇന്നത്തെ തെരഞ്ഞെടുപ്പിനൊടൊപ്പം നടത്തും. ഇതിൻറെ ഭാഗമായി എല്ലാ വാർഡുകളിലും വാർഡുതല ബാലസംഗമം സംഘടിപ്പിക്കും. ഇതിൽ മികച്ച ആശയാവതരണം നടത്തുന്ന കുട്ടികളെ ഉൾപ്പെടുത്തി പഞ്ചായത്ത് /നഗരസഭാതലത്തിൽ ഏകദിന ശിൽപശാലയും തുടർന്ന് ബ്ളോക്ക്തല ഇന്നവേഷൻ ഫെസ്റ്റും സംഘടിപ്പിക്കും. ഇതിൽ നിന്നും തെരഞ്ഞെടുക്കുന്ന കുട്ടികൾക്കാണ് മൂന്നു ദിവസത്തെ 'കുടുംബശ്രീ മൈൻഡ് ബ്ളോവേവ്സ് ലിയോറ ഫെസ്റ്റ് 'ജില്ലാതല സമ്മർ ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. ഓരോ ജില്ലയിലും അമ്പത് കുട്ടികൾക്ക് വീതം സമ്മർ ക്യാമ്പിൽ പങ്കെടുക്കാൻ അവസരമുണ്ട്.

# മുനമ്പം വിഷയം വലിച്ചു നീട്ടി വഷളാക്കിയത് സംസ്ഥാന സർക്കാർ – രമേശ് ചെന്നിത്തല

തിരുവനന്തപുരം: മുനമ്പം വിഷയം വലിച്ചു നീട്ടി വഷളാക്കിയത് സംസ്ഥാന സർക്കാരെന്ന് കോൺഗ്രസ് വർക്കിങ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തല. തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാന സർക്കാർ മനസു വെച്ചിരുന്നെങ്കിൽ ഒരു മണിക്കൂർ കൊണ്ട് തീർക്കാൻ കഴിയുമായിരുന്ന വിഷയമാണ് ഇത്രയേറെ വലിച്ചു നീട്ടി വഷളാക്കിയിരിക്കുന്നത്. ഇപ്പോൾ കോടതിവിധി വന്ന് അന്വേഷണ കമ്മിഷനെ പുനസ്ഥാപിച്ചിരിക്കുന്നു. അതിനുമുമ്പും പിമ്പും പരിഹാര നിർദേശങ്ങളുമായി സർക്കാർ മുന്നോട്ടു വന്നിട്ടില്ല. മുനമ്പം വിഷയത്തിൽ അവിടുത്തെ ജനങ്ങളോട് എല്ലാ മുസ്ലിം സംഘടനകളും ഐക്യദാർഢ്യം പ്രഖ്യാപിച്ചതാണ്. ഈ സന്ദർഭത്തിൽ കൃത്യമായ പരിഹാര നിർദേശങ്ങളുമായി വന്നിരുന്നെങ്കിൽ വർഗീയമായി ജനങ്ങളെ വിഭജിക്കാതെ വിഷയം രമ്യമായി പരിഹരിക്കാമായിരുന്നു.

മുമ്പത്തു നിന്ന് ഒറ്റയാളെ പോലും കുടിയിറക്കാൻ ഞങ്ങൾ അനുവദിക്കില്ല. പ്രശ്നപരിഹാരം സംസ്ഥാന സർക്കാർ മുന്നോട്ടു വെച്ചാൽ പ്രശ്നം ഉടനടി പരിഹരിക്കപ്പെടും. ഇത് പരിഹരിക്കുന്നതിനു പകരം വർഗീയമായി വഷളാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇക്കാര്യത്തിൽ ബിജെപിയുടെയും സിപിഎമ്മിന്റെയും ഉന്നം ഒന്നുതന്നെയാണ്. ബിജെപിക്ക് രാഷ്ട്രീയ മുതലെടുപ്പിലുള്ള അവസരം ഉണ്ടാക്കി കൊടുത്തത് സംസ്ഥാന സർക്കാർ തന്നെയാണ്. വർഗീയശക്തികൾക്കു മുതലെടുക്കാനുള്ള സാഹചര്യമുണ്ടാക്കാതെ പ്രശ്നം ഉടനടി പരിഹരിക്കണം. വഖഫ് ബിൽ വഴി ഇവിടെ പ്രശ്നപരിഹാരം ഉണ്ടാവില്ല. ചെന്നിത്തല പറഞ്ഞു. ആശാവർക്കാർമാരുടെ വിഷയത്തിൽ ആർ ചന്ദ്രശേഖരനെതിരെ പാർട്ടി സ്വീകരിച്ചത് ശരിയായ നടപടിയാണ്. ഐഎൻടിയുസിക്ക് ഒരു നിലപാട് പാർട്ടിക്ക് മറ്റൊരു നിലപാട് എന്ന നിലയിൽ പോകാൻ കഴിയില്ല. ആശാവർക്കർമാരുടെ സമരത്തിന് കോൺഗ്രസ് അനൂകൂലമാണ്. ആ നിലപാടിനോട് ചേർന്നു നിന്ന് സമരത്തിൽ പങ്കാളിയാവുകയാണ് ഐഎൻടിയുസി ചെയ്യേണ്ടത് – ചെന്നിത്തല വ്യക്തമാക്കി.

# ഓൺലൈൻ ട്രേഡിംഗ് തട്ടിപ്പ്; റിട്ട. അധ്യാപകനിൽ നിന്നും പണം തട്ടിയെടുത്ത രണ്ടുപേർ കൂടി പിടിയിൽ

തൃശൂർ: ഓൺലൈൻ ട്രേഡിംഗിന്റെ മറവിൽ റിട്ട. അധ്യാപകനിൽ നിന്നും 45 ലക്ഷം രൂപയോളം തട്ടിയെടുത്ത കേസിൽ രണ്ട് പേരെ കൂടി കാട്ടൂർ പോലീസ് അറസ്റ്റ് ചെയ്തു. തൃശൂർ ജില്ലയിലെ എടതിരിഞ്ഞി ചെട്ടിയാലിൽ സ്വദേശിയായ അധ്യാപകനാണ് പറ്റിക്കപ്പെട്ടത്. സംഭവത്തിൽ കോഴിക്കോട് ബേപ്പൂർ നടുവട്ടം സ്വദേശിയായ മാനകത്ത് വീട്ടിൽ ജാസിർ (32), കോഴിക്കോട് പുതിയങ്ങായി കോയ റോഡ് സ്വദേശിയായ ഷക്കീൽ റഹ്മാൻ (32) എന്നിവരെയാണ് കാട്ടൂർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടറും സംഘവും അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ദിവസം ഈ കേസുമായി ബന്ധപ്പെട്ട് കോഴിക്കോട് സ്വദേശിയായ ഒരു യുവതിയെ പോലീസ് പിടികൂടിയിരുന്നു. ഇവരെ ചോദ്യം ചെയ്തതോടെയാണ് യുവാക്കളിലേക്ക് അന്വേഷണം നീണ്ടത്. അധ്യാപകനിൽ നിന്നും തട്ടിയെടുത്ത പണത്തിൽ ഏഴര ലക്ഷം രൂപ ഈ യുവതിയുടെ അക്കൗണ്ടിലൂടെ മാറിയിതായി കണ്ടെത്തിയതിനെ തുടർന്നാണ് യുവതിയെ പോലീസ് പിടികൂടിയത്. മാറിയെടുത്ത പണം ഇപ്പോൾ പിടിയിലായ യുവാക്കൾക്കാണ് യുവതി കൈമാറിയിട്ടുള്ളതെന്നും 5000 രൂപ കമ്മീഷൻ കൈപ്പറ്റിയതായും പോലീസ് കണ്ടെത്തിയിരുന്നു. തട്ടിപ്പ് നടത്തി ലഭിക്കുന്ന പണം നിർധനരായ യുവാക്കളുടെയും യുവതികളുടെയും അക്കൗണ്ടിലേയക്കയച്ച് ചെറിയ കമ്മീഷൻ നൽകി അവരെക്കൊണ്ട് പിൻവലിപ്പിക്കുന്ന സംഘത്തിലെ കണ്ണികളാണിവരെന്ന് പോലീസ് പറഞ്ഞു.

ഇവരെ വിശദമായി ചോദ്യം ചെയ്തുവരികയാണെന്നും മറ്റ് പ്രതികൾ കേസിൽ ഉണ്ടോ എന്നും അന്വേഷിച്ച് വരികയാണെന്ന് പോലീസ് അറിയിച്ചു.

# രണ്ടാം വിമോചനസമരത്തിന് ശക്തമായ നീക്കം നടക്കുന്നു: എം. എ. ബേബി

തിരുവനന്തപുരം: കേരള സർക്കാരിനെതിരെ രണ്ടാം വിമോചന സമരത്തിന് ശക്തമായ നീക്കം നടക്കുന്നുവെന്ന് സിപിഎം ജനറൽ സെക്രട്ടറി എം. എ. ബേബി. പല സമരങ്ങളും ഇത്തരം സ്വഭാവമുള്ളതാണ്. മുനമ്പത്തെ സമരവും ക്രൈസ്തവ സഭകളുടെ നീക്കവും ഈ പശ്ചാത്തലത്തിലാണെന്നും ഒരു സ്വകാര്യ ചാനലിനു നൽകിയ അഭിമുഖത്തിൽ എം. എ. ബേബി പറഞ്ഞു.

ബിഷപ്പുമാർ ആത്മീയ കാര്യങ്ങളിൽ ശ്രദ്ധിക്കണം. ആശമാരുടെ സമരവും സംസ്ഥാന സർക്കാരിനെ പ്രതിസന്ധിയിലാക്കാനുള്ളതാണ്. സംസ്ഥാന സർക്കാരിനെതിരെ സമരം തിരിച്ചു വിട്ടത് ദു: ഖകരമാണെന്നും എം. എ. ബേബി കൂട്ടിച്ചേർത്തു.

മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണക്കെതിരായ എസ്എഫ്ഐഒ കേസ് വ്യക്തിപരമല്ലെന്നും പാർട്ടി നേതാവിന്റെ മകൾ ആയതു കൊണ്ട് ഉണ്ടായ കേസാണെന്നും എം. എ. ബേബി പറഞ്ഞു. അതുകൊണ്ടാണ് കേസ് രാഷ്ട്രീയമായും നിയമപരമായും നേരിടും എന്ന് പറഞ്ഞത്. വീണയുടെ കമ്പനി നടത്തിയത് സുതാര്യ ഇടപാടാണ്. പൃഥിരാജിനും മോഹൻലാലിനും ഗോകുലം ഗോപാലനും എതിരെ ഇഡി നീങ്ങുന്നത് ഭയപ്പെടുത്താൻ വേണ്ടിയാണ്. എകെജിക്കും ഇഎംഎസിനും ശേഷം സംഘടനയിലെ ഏറ്റവും കരുത്തനായ നേതാവാണ് പിണറായി. ഇത്രയും ജനപ്രീതിയുള്ള നേതാവ് ഇന്ന് കേരളത്തിലില്ല. അടുത്ത തെരഞ്ഞെടുപ്പിൽ പിണറായി തന്നെയാണ് എൽഡിഎഫിനെ നയിക്കേണ്ടത്. വേറൊരു നേതാവിനെ ഇപ്പോൾ കാണിക്കാനുണ്ടോയെന്നും എം. എ. ബേബി പറയുന്നു.

# നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന് 263 പോളിംഗ് ബൂത്തുകൾ

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന് 59 പുതിയ പോളിംഗ് ബൂത്തുകൾ ഉൾപ്പെടെ ആകെ 263 പോളിംഗ് ബൂത്തുകൾ നിലമ്പൂർ നിയമസഭാ മണ്ഡലത്തിലുണ്ടാവുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. വോട്ടർമാരെ ക്രമം തെറ്റാതെ പുതിയ ബൂത്തിലേയ്ക്ക് ക്രമീകരിക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ സ്വീകരിക്കും. വോട്ടർമാർക്കു വേണ്ട അടിസ്ഥാന സാകര്യങ്ങൾ എല്ലാ പോളിംഗ് ബൂത്തുകളിലും ഉറപ്പാക്കും. പുതിയ പോളിംഗ് ബൂത്തുകളിൽ ബൂത്ത് ലെവൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

വോട്ടർമാരുടെ സൗകര്യം കണക്കിലെടുത്ത് ഓരോ ബൂത്തിലെയും സമ്മതിദായകരുടെ എണ്ണം 1200 ആയി പരിമിതപ്പെടുത്തുന്നതിനും ആക്സിലറി ബൂത്തുകൾക്ക് പകരം പുതിയ സ്ഥിരം പോളിംഗ് ബുത്തുകൾ സജ്ജീകരിക്കുന്നതിനും ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചിരുന്നു. നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയമസഭാ, ജില്ലാ തലങ്ങളിൽ രാഷ്ട്രീയ കഷികളുടെ യോഗം കൂടിയ ശേഷം പുതിയ പോളിംഗ് ബൂത്തുകൾ സൃഷ്ടിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ കമ്മീഷൻ അംഗീകരിക്കുകയായിരുന്നുവെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പത്രക്കുറിപ്പിൽ അറിയിച്ചു.

# സ്വകാര്യ ബസിനുള്ളിൽ ചുറ്റികയുമായി എത്തി യുവാവിന്റെ ഗുണ്ടായിസം

കൊച്ചി: സ്വകാര്യ ബസിനുള്ളിൽ ചുറ്റികയുമായി എത്തി യാത്രക്കാരെ ഭീഷണിപ്പെടുത്തി യുവാവ്. കളമശേരിയിൽ നിന്നും വൈറ്റിലയ്ക്ക് പോയ ബസിലായിരുന്നു സംഭവം. വെള്ളിയാഴ്ചയായിരുന്നു യുവാവ് യാത്രക്കാരെ ഭീഷണിപ്പെടുത്തിയത്. ഗുണ്ടയാണെന്ന് സ്വയം വിളിച്ചു പറയുകയും ചുറ്റികയുമായി ബസിൽ കയറുന്നവരെ ഭീഷണിപ്പെടുത്തുകയുമായിരുന്നു. യാത്രയ്ക്കിടയിൽ തന്നെ ഇയാൾ ബസിൽ നിന്നും ഇറങ്ങിപ്പോയി. ഇത് ആരാണ് എന്നതിൽ പോലീസ് അന്വേഷണം നടത്തിവരികെയാണ്.

# കണ്ണൂരിലെ യൂത്ത് കോൺഗ്രസ് മാർച്ചിൽ സംഘർഷം

കണ്ണൂർ: വീണാ വിജയനെതിരേ കുറ്റപത്രം സമർപ്പിച്ച സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് കണ്ണൂർ കളക്ട്രേറ്റിലേക്ക് യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിൽ സംഘർഷം. പോലീസും പ്രവർത്തകരും തമ്മിൽ ഉന്തും തള്ളുമുണ്ടായി. പ്രവർത്തകർ ബാരിക്കേഡിന് മുകളിൽ കയറാൻ ശ്രമിച്ചതോടെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു. ചില പ്രവർത്തകരെ പോലീസ് കസ്റ്റഡിയിലെടുത്ത് നീക്കി. അവന്റെ പോക്കറ്റിൽ ഒന്നുമില്ലായിരുന്നു; കഞ്ചാവ് കേസിൽ എംഎൽഎയുടെ മകനെ ന്യായീകരിച്ച് ജി. സുധാകരൻ

# ഭൂപതിവ് ചട്ട ഭേദഗതി എത്രയും വേഗം നടപ്പാക്കണം : മുഖ്യമന്ത്രി

2024ലെ ഭൂപതിവ് നിയമപ്രകാരം ലഭിച്ച അധികാരത്തെ തുടർന്നുള്ള ചട്ടങ്ങളിൽ കൊണ്ടുവരേണ്ട ഭേദഗതി എത്രയും വേഗം നടപ്പാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകി. പൊതു ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന ഭൂമിയെയും സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയെയും ചെറിയതോതിലുള്ള തരംമാറ്റത്തെയും വെവ്വേറെ കാണണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ അഡ്വക്കറ്റ് ജനറലുമായി ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഭേദഗതി നടപ്പാകുന്നതോടെ ഇടുക്കി ഉൾപ്പെടെയുള്ള മലയോര മേഖലകളിൽ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകും.

മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ റവന്യു മന്ത്രി കെ രാജൻ, നിയമ മന്ത്രി പി രാജീവ്, ചീഫ് സെക്രട്ടറി ഡോ. ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ, അഡ്വക്കറ്റ് ജനറൽ കെ ഗോപാലകൃഷ്ണ കുറുപ്പ്, നിയമ സെക്രട്ടറി കെ ജി സനൽ കുമാർ, ലാൻഡ് റവന്യൂ കമ്മീഷണർ എ കൗശികൻ തുടങ്ങിയവർ സംസാരിച്ചു.